## അദ്ധ്യായം VII

## നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്

### 7.1 ആമുഖം

1992ലെ 74-ാം ഭരണഘടനാ ഭേദഗതി നിയമം (74-ാം സിഎഎ) നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബി) നഗരഭരണകൂടത്തിന്റെ മൂന്നാമത്തെ തലം ആയി അംഗീകരിക്കുകയും സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അവയെ പ്രാപ്തമാക്കാൻ അവയ്ക്ക് പ്രത്യേകമായ പൊതുചുമതലകൾ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. എഴുപത്തിനാലാമത് സിഎഎയുടെ ചുവടുപിടിച്ച് പാസ്സാക്കിയ കേരളാ മുനിസിപ്പാലിറ്റി നിയമം 1994 (കെഎം നിയമം), സംസ്ഥാനത്തെ യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങൾ നല്കി അവരെ ശാക്തീകരിച്ചു. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സ്ഥാപിക്കുന്നതുവഴി ആസൂത്രണ വികസനത്തിലും തദ്ദേശഭരണത്തിലും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് കെഎം നിയമം ലക്ഷ്യമാക്കുന്നത്. എഴുപത്തിനാലാമത് ഭരണ ഘടന ഭേദഗതിയിലൂടെ നിയുക്തമായ ചുമതലകൾ എത്രമാത്രം ഫലപ്രദമായി ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നു എന്ന് യുഎൽബികളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് വിലയിരുത്തുന്നു.

#### 7.1.1 ഓഡിറ്റിന്റെ ശ്രദ്ധാ കേന്ദ്രങ്ങൾ

സേവന വിതരണത്തിലെ കാര്യക്ഷമത, ധനകാര്യ ഉത്തരവാദിത്തം, ഭരണപരമായ അനുവർത്തനം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു ജില്ലയ്ക്കകത്ത് യുഎൽബികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിലാണ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തദ്ദേശീയതലത്തിൽ നഗര ഭരണത്തിന്റെ സമഗ്രമായ ഒരു വിലയിരുത്തലിനും അതുവഴി മെച്ചപ്പെട്ട ആസൂത്രണത്തിനും നയനിർവ്വഹണത്തിനും ഈ സമീപനം വഴിയൊരുക്കുന്നു. ജില്ലാ കേന്ദ്രീകൃത ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- **സേവന വിതരണ വിലയിരുത്തൽ** – നഗരസേവനങ്ങളുടെ ഗുണമേന്മ, കാര്യക്ഷമത, ലഭ്യത എന്നിവയുടെ വിലയിരുത്തൽ.
- **സാമ്പത്തിക വിവേകം** – മുനിസിപ്പൽ ഫണ്ടുകളുടെ ശരിയായ വിനിയോഗവും ഉത്തരവാദിത്തവും ഉറപ്പാക്കുക.
- **അടിസ്ഥാന സൗകര്യവികസനം** – നഗരങ്ങളിലെ അടിസ്ഥാനസൗകര്യ പ്രോജക്ടുകളും അവയുടെ സ്വാധീനവും അവലോകനം ചെയ്യുക.
- **ഭരണപരമായ അനുവർത്തനം** – മുനിസിപ്പൽ നിയമങ്ങൾ, പാരിസ്ഥിതിക മാനദണ്ഡങ്ങൾ, ഭരണനയങ്ങൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- **പൗര കേന്ദ്രീകൃത ഭരണം** – സേവന വിതരണത്തിൽ പൊതുജന പങ്കാളിത്തം, പരാതി പരിഹാരം, സുതാര്യത എന്നിവ ഉറപ്പാക്കുക.

### 7.2 ഓഡിറ്റ് വ്യാപ്തിയും രീതിയും

#### 7.2.1 ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുത്ത ചുമതലകൾ

പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും (എസ്ടി) പട്ടികജാതി വിഭാഗങ്ങളുടെയും (എസ്‌സി) വികസനം ലക്ഷ്യമിട്ട് കുറഞ്ഞത് അവരുടെ ജനസംഖ്യാ അനുപാതത്തിലെങ്കിലും പദ്ധതി വിഹിതം വകയിരുത്തൽ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ 1974-75ൽ പട്ടികവർഗ്ഗ

ഉപപദ്ധതിയും 1979-80ൽ പട്ടികജാതി ഉപപദ്ധതിയും[83] അവതരിപ്പിച്ചു. യുഎൽബികളുടെ ചുമതലകൾ വ്യക്തമാക്കിക്കൊണ്ട്, 1992ലെ 74-ാം സിഎഎ, ഭരണഘടനയിൽ 12-ാം പട്ടിക എഴുതിച്ചേർക്കുകയും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബ്ബലവിഭാഗങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം യുഎൽബികളെ ഏൽപ്പിക്കുകയും ചെയ്തു. 2011ലെ സെൻസസ് പ്രകാരം, 30.39 ലക്ഷം ജനസംഖ്യയുള്ള എസ്‌സി വിഭാഗവും 4.85 ലക്ഷം ജനസംഖ്യയുള്ള എസ്‌ടി വിഭാഗവും കേരളത്തിലെ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.45 ശതമാനവും ആയിരുന്നു.

പട്ടികജാതി ഉപപദ്ധതിയുടെ (എസ്‌സിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ ആയിരുന്നു:

- എസ്‌സി വിഭാഗങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ.
- എസ്‌സി വിഭാഗങ്ങളിലെ സാമൂഹിക-സാമ്പത്തിക വികസനത്തിലെ വിടവ് നികത്തൽ.

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ (ടിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ ആയിരുന്നു:

- വിദ്യാഭ്യാസം, ആരോഗ്യം എന്നീ സേവന മേഖലകളിലെ അവരുടെ പ്രാപ്യത വർദ്ധിപ്പിച്ചുകൊണ്ടുള്ള മാനവവിഭവശേഷി വികസനം.
- ഗോത്രവർഗ്ഗ മേഖലകളിൽ/പ്രദേശങ്ങളിൽ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി, ജീവിതനിലവാരം ഉയർത്തൽ.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ, ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കൽ, വരുമാന വർധനയ്ക്കുള്ള അവസരങ്ങൾ ഉണ്ടാക്കൽ.
- അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവകാശങ്ങളും ആനുകൂല്യങ്ങളും നേടുന്നതിനും മറ്റ് മേഖലകളുമായി തുല്യത കൈവരിക്കുന്നതിന് മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള ശേഷി വർദ്ധിപ്പിക്കൽ.
- ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ സംരക്ഷണം.

ചുമതലകൾ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റിന്റെ ഭാഗമായി ഭരണഘടനയുടെ 12-ാം ഷെഡ്യൂളിലെ 9-ാം നമ്പർ ആയ 'ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക' എന്ന വികേന്ദ്രീകൃത ചുമതലയുടെ കീഴിൽ യുഎൽബികൾ നടത്തിയ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പദ്ധതികളുടെ രൂപീകരണത്തിന്റെയും നടത്തിപ്പിന്റെയും ഓഡിറ്റ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുത്തു.

### 7.2.2 ഓഡിറ്റ് വ്യാപ്തി

തദ്ദേശ സ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങളും എസ്‌സി/എസ്‌ടി വികസനവകുപ്പുകളും ചേർന്നാണ് സംസ്ഥാനത്തെ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. യുഎൽബികൾ മുഖേന നടപ്പാക്കുന്ന എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും നടത്തിപ്പ് മാത്രമാണ് ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത്.

കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ കേരളത്തിലെ നാല് ജില്ലകൾ ആണ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. ഈ നാല് ജില്ലകളിലെ തിരഞ്ഞെടുത്ത യുഎൽബികളിലെ പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം യുഎൽബികളുടെ മൊത്തം ജനസംഖ്യയുടെ യഥാക്രമം 5.47 ശതമാനവും 0.21 ശതമാനവുമായിരുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ 10 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലേക്കാണ് ഓഡിറ്റ് നടത്തിയത്. തിരഞ്ഞെടുത്ത 12 യുഎൽബികളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1ൽ** കൊടുത്തിരിക്കുന്നു.

[83] തുടക്കത്തിൽ പ്രത്യേക ഘടക പദ്ധതി എന്നറിയപ്പെട്ടിരുന്നു

### 7.2.3 ഓഡിറ്റ് മാനദണ്ഡവും രീതിയും

കേരള മുനിസിപ്പാലിറ്റി നിയമം 1994, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത്.

ഓഡിറ്റ് ചെയ്ത യുഎൽബികളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെയും പ്രമാണങ്ങളുടെയും സൂക്ഷ്മ പരിശോധന, ഓഡിറ്റ് എൻക്വയറി നൽകൽ, സംയുക്ത ഭൗതിക പരിശോധന നടത്തൽ, ഗുണഭോക്തൃസർവ്വേകൾ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സംസ്ഥാന ആസൂത്രണബോർഡ്, ധനകാര്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. 2023 മാർച്ച് 27ന് സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടന്നു. അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ, 2024 സെപ്റ്റംബർ 12ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

## 7.3 ചുമതലയുടെയും തിരഞ്ഞെടുത്ത ജില്ലകളുടെയും അവലോകനം

### 7.3.1 ചുമതലകളുടെ അവലോകനം

1992-ലെ 74-ാമത് ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ പന്ത്രണ്ടാം ഷെഡ്യൂൾ ഇന്ത്യൻ ഭരണഘടനയോട് ചേർക്കപ്പെട്ടു. അതിൽ 9-ാം ഇനം 'ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക' എന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന്റെ ചുമതല യുഎൽബികൾക്ക് നൽകുകയും, അതിലെ ഷെഡ്യൂൾ I ഈ പ്രവർത്തനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് യുഎൽബികളുടെ ഉത്തരവാദിത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. യുഎൽബികളുടെ പങ്ക് **പട്ടിക 7.1ൽ** നൽകിയിരിക്കുന്നു:

**പട്ടിക 7.1 : യുഎൽബികളുടെ പങ്ക്**

| മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പങ്ക് | |
|---|---|
| 1. | പട്ടികജാതി ഉപപദ്ധതിയും (എസ്‌സിഎസ്‌പി) പട്ടികവർഗ്ഗ ഉപപദ്ധതിയും (ടിഎസ്‌പി) പ്രകാരം ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കുക. |
| 2. | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നഴ്സറി സ്കൂളുകൾ നടത്തുക. |
| 3. | പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. |
| 4. | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക. |
| 5. | അർഹരായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത സഹായം നൽകുക. |
| 6. | മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക. |
| 7. | പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വികസിപ്പിക്കുക. |
| 8. | മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക. |
| 9. | മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക. |

*(ഉറവിടം : കേരള മുനിസിപ്പാലിറ്റി നിയമം, 1994)*

എന്നിരുന്നാലും, പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് സമാന്തരമായി ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

തൽഫലമായി യുഎൽബികൾ നിർവഹിക്കുന്ന ചുമതല സംസ്ഥാന സർക്കാരിന്റെ അനുബന്ധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഓവർലാപ്പ് ചെയ്യുന്നു.

### 7.3.2 തിരഞ്ഞെടുത്ത ജില്ലകളുടെ അവലോകനം

തിരഞ്ഞെടുത്ത ജില്ലകളിലെ യുഎൽബികളിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയ്ക്ക് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിന്റെ സേവന വിതരണം മനസ്സിലാക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഡാറ്റ **പട്ടിക 7.2ൽ** അവതരിപ്പിച്ചിരിക്കുന്നു:

**പട്ടിക 7.2: തിരഞ്ഞെടുത്ത ജില്ലകളുടെ വിശദാംശങ്ങൾ**

| മാനദണ്ഡം | തൃശ്ശൂർ | കോട്ടയം | കോഴിക്കോട് | മലപ്പുറം |
|---|---|---|---|---|
| വിസ്തീർണം (ച.കിമീ.) | 3032 | 2208 | 2344 | 3550 |
| ജനസംഖ്യ (ലക്ഷത്തിൽ) | 31.21 | 19.75 | 30.86 | 41.13 |
| പട്ടികജാതി ജനസംഖ്യയുടെ ശതമാനം | 10.40 | 7.80 | 6.50 | 7.50 |
| പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനം | 0.30 | 1.10 | 0.50 | 0.60 |
| യുഎൽബികളുടെ എണ്ണം | മുനിസിപ്പൽ കോർപ്പറേഷൻ : 1<br>മുനിസിപ്പാലിറ്റി : 7 | മുനിസിപ്പൽ കോർപ്പറേഷൻ: 0<br>മുനിസിപ്പാലിറ്റി: 6 | മുനിസിപ്പൽ കോർപ്പറേഷൻ: 1<br>മുനിസിപ്പാലിറ്റി: 7 | മുനിസിപ്പൽ കോർപ്പറേഷൻ: 0<br>മുനിസിപ്പാലിറ്റി: 12 |
| നഗര ജനസംഖ്യ (ലക്ഷത്തിൽ) | 20.96 | 5.65 | 20.73 | 18.17 |

*(ഉറവിടം : 2023-ലെ സാമ്പത്തിക അവലോകനം - വാല്യം I)*

### 7.3.3 സംഘടനാ സംവിധാനം

ദേശീയ, സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി യുഎൽബികൾക്ക് പൊതു മാർഗരേഖകൾ നൽകാൻ പ്രിൻസിപ്പൽ സെക്രട്ടറി തലവനായിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (നഗരകാര്യം) ആണ് സംസ്ഥാനത്തെ യുഎൽബികളുടെ സംസ്ഥാനതല ഭരണത്തലവൻ. **പട്ടിക 7.3ൽ** കാണിച്ചിട്ടുള്ളതുപോലെ, യുഎൽബികൾ വാർഷിക വികസന പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിയ്ക്ക് (ഡിപിസി) സമർപ്പിക്കുകയും, വിവിധ നിർവ്വഹണ ഓഫീസർമാർ മുഖേന യുഎൽബികൾ പ്രോജക്ടുകൾ നടപ്പാക്കുകയും ചെയ്യുന്നു.

**പട്ടിക 7.3: യുഎൽബികളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്**

| ക്രമ നമ്പർ | എസ്‌സിഎസ്‌പി - ടിഎസ്‌പിയ്ക്ക് കീഴിലെ നിർവ്വഹണ ഓഫീസർമാരുടെ പേര് | നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട് |
|---|---|---|
| 1. | സെക്രട്ടറി | മൊത്തത്തിലുള്ള ഏകോപനവും നിർവ്വഹണവും |
| 2. | അഡീഷണൽ സെക്രട്ടറി | ആശ്രയ, സ്വയം-തൊഴിൽ പ്രത്യേക നിർവ്വഹണ ഉദ്യോഗസ്ഥരില്ലാത്ത മറ്റ് പ്രോജക്ടുകൾ |

| ക്രമ നമ്പർ | എസ്‌സിഎസ്‌പി – ടിഎസ്‌പിയ്ക്ക് കീഴിലെ നിർവ്വഹണ ഓഫീസർമാരുടെ പേര് | നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട് |
|---|---|---|
| 3. | കോർപ്പറേഷൻ എഞ്ചിനീയർ/മുനിസിപ്പൽ എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണവും സംരക്ഷണവും |
| 4. | ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം) | ക്ഷീര വിപുലന പ്രോജക്ടുകൾ |
| 5. | ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)/ സർക്കാർ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ | വിദ്യാഭ്യാസം |
| 6. | പട്ടികജാതി വികസന ഓഫീസർ | എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ പഠനമുറി, വിവാഹസഹായം, ലാപ്ടോപ് വിതരണം മുതലായ പ്രോജക്ടുകളുടെ നിർവ്വഹണം |
| 7. | പ്രോജക്ട് ഓഫീസർ (പിഎയു) | ദാരിദ്ര്യ ലഘൂകരണം, ലൈഫ് ഭവന നിർമ്മാണപദ്ധതി , പിഎംഎവൈ |
| 8. | സീനിയർ വെറ്ററിനറി സർജൻ/വെറ്ററിനറി സർജൻ | മൃഗസംരക്ഷണം |
| 9. | മത്സ്യമേഖലാ-സബ് ഇൻസ്പെക്ടർ | മത്സ്യമേഖലാവികസന പ്രോജക്ടുകൾ |
| 10. | ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ | ആരോഗ്യം |
| 11. | ശിശുവികസന പ്രോജക്ട് ഓഫീസർ (സിഡിപിഒ)/സംയോജിത ശിശുവികസനം സേവനങ്ങൾ (ഐസിഡിഎസ് ) സൂപ്പർവൈസർ | വനിതാ-ശിശു ക്ഷേമം, സപ്ലിമെന്ററി പോഷകാഹാര പരിപാടി |
| 12. | കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി |
| 13. | മെഡിക്കൽ ഓഫീസർമാർ | അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വൈദ്യശാസ്ത്ര സേവനങ്ങൾ |
| 14. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ലഘു നിർമ്മാണ കേന്ദ്രങ്ങൾ, സ്വയം തൊഴിൽ മുതലായവയ്ക്കുള്ള സഹായം |

*(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

## ഓഡിറ്റ് കണ്ടെത്തലുകൾ


ഓഡിറ്റ് കണ്ടെത്തലുകൾ മൂന്ന് സുപ്രധാന മേഖലകളിലായി തരം തിരിച്ചിരിക്കുന്നു. (i) ആസൂത്രണം-യുഎൽബികളിലെ ആസൂത്രണ പ്രക്രിയകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നു. (ii) ധനകാര്യ പരിപാലനം – എസ്‌സിഎസ്‌പിയ്ക്കും ടിഎസ്‌പിയ്ക്കും അനുവദിച്ച ഫണ്ടുകളുടെ പരിപാലനം വിലയിരുത്തുന്നു. (iii) പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും – വിവിധ മേഖലകളിലെ പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും വിലയിരുത്തുന്നു.

## 7.4 ആസൂത്രണം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം നിലവിൽ വന്നത് നഗരതദ്ദേശസ്ഥാപനങ്ങൾക്ക് (യുഎൽബി) വികേന്ദ്രീകരണത്തിലൂടെ അധികാരം പകർന്നു നൽകുന്നതിൽ ഒരു സുപ്രധാനമായ നാഴികക്കല്ലാണ്. അതിനുശേഷം, നഗര സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും സജീവപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, ഏറ്റവും അടിസ്ഥാനതലത്തിൽ വികസനപരിപാടികൾ രൂപീകരിച്ച് നടപ്പാക്കുന്നതിൽ യുഎൽബികൾ നിർണ്ണായകമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ പല സ്ഥാപനങ്ങളും ഗ്രൂപ്പുകളും പദ്ധതി രൂപീകരണ പ്രക്രിയയിലും അതിന്റെ നടപ്പാക്കലിലും പങ്കാളികളാകുന്നുണ്ട്. ഇതിൽ, ആസൂത്രണത്തിലും തീരുമാനമെടുക്കുന്നതിലും പൗരപങ്കാളിത്തം സുഗമമാക്കുന്ന

അടിസ്ഥാനതല സ്ഥാപനങ്ങളായ വാർഡ് സഭകൾ/വാർഡ് സമിതികൾ, വിദ്യാഭ്യാസം, ആരോഗ്യസുരക്ഷ എന്നിങ്ങനെയുള്ള പ്രത്യേക മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, വാർഷിക പദ്ധതികളും പരിപാടികളും മറ്റും സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുന്ന ജില്ലാ ആസൂത്രണസമിതി എന്നിവ ഉൾപ്പെടുന്നു. പ്രോജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ അധികാരികൾ/സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ, **ചാർട്ട് 7.1ൽ** ചിത്രീകരിക്കപ്പെട്ടിരിക്കുന്നു:

**ചിത്രം 7.1 : എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിലുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിനുള്ള അധികാര വിഭജനം**




*(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)*

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾക്ക് അനുസൃതമായി യുഎൽബികൾ വരും വർഷത്തേയ്ക്ക് ഒരു വാർഷിക വികസനപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിപിസിക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന്, ഈ പദ്ധതികൾ സർക്കാർ മാർഗ്ഗരേഖകളുമായും മുൻഗണനകളുമായും പൊരുത്തപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട്, ഡിപിസി, അവ സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുന്നു. യുഎൽബികൾ വഴിയുള്ള ആസൂത്രണത്തിൽ, താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 7.4.1 പുതുക്കിയ എസ്‌സി/എസ്ടി ഡാറ്റയുടെ അഭാവം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്‌സി/എസ്ടി വകുപ്പുകളുമായി ചേർന്ന് കൊണ്ട് ജനസംഖ്യ, ഭൂഉടമസ്ഥത, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വം എന്നിവ തൊഴിൽലഭ്യത, വിദ്യാഭ്യാസപദവി, ആരോഗ്യം, സാമൂഹിക ഭദ്രത തുടങ്ങിയവയുടെ ലഭ്യത വിശകലനം ചെയ്തുകൊണ്ട് എസ്‌സി, എസ്ടി വിഭാഗങ്ങളുടെ ഒരു സമഗ്രസർവ്വേ 2008-10 (എസ്ടി) ലും 2010-11 (എസ്‌സി) ലുമായി നടത്തുകയും ആയതിന്റെ റിപ്പോർട്ടുകൾ, കേരള സർക്കാർ, യഥാക്രമം, 2011 ഒക്ടോബറിലും 2013 നവംബറിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എസ്‌സി/എസ്ടി വിഭാഗങ്ങളുടെ സമഗ്രസർവ്വേയിലൂടെ, ഈ ഡാറ്റയുടെ കൃത്യമായ പുതുക്കൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 13-ഉം 14-ഉം പഞ്ചവത്സര പദ്ധതി ആസൂത്രണ രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുകയുണ്ടായി. എസ്‌സി, എസ്ടി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനായി പുതുക്കിയ സർവ്വേ ഡാറ്റയുടെ അടിസ്ഥാനത്തിൽ എസ്‌സിഎസ്‌പി, ടിഎസ്‌പിയ്ക്കു കീഴിൽ പ്രോജക്ടുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നിർദ്ദേശം നൽകി. എന്നാൽ പരിശോധിച്ച 12 യുഎൽബികളിൽ അഞ്ച് യുഎൽബികൾ[84] പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യാ ഡാറ്റ പുതുക്കിയതായി കണ്ടെത്തി. ജനസംഖ്യാ കണക്കുകൾ പുതുക്കിയത് ഒഴിച്ചാൽ, ഈ വിഭാഗങ്ങളുടെ വികസനത്തിലെ പോരായ്മകൾ കണ്ടെത്തുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക നില വിലയിരുത്തുന്നതിനുമുള്ള ഒരു സമഗ്രസർവ്വേയും പരിശോധിച്ച യുഎൽബികൾ ഒന്നും തന്നെ നടത്തിയില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഒരു സർവ്വെ നടത്താൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുകയും (2020 ഡിസംബർ) സംസ്ഥാന സർക്കാർ ആ ശിപാർശ അംഗീകരിക്കുകയും ചെയ്തിരുന്നെങ്കിലും ഇത് സംബന്ധിച്ച് യുഎൽബികളോ എസ്ടി വകുപ്പോ യാതൊരു നടപടിയും സ്വീകരിച്ചില്ല. എസ്‌സി, എസ്ടി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നാക്ക അവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് നിലവിൽ സംസ്ഥാനത്തിന് ഒരു ഡാറ്റയും ലഭ്യമല്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി (2024 മാർച്ച്). പുതുക്കിയ സർവ്വെ ഡാറ്റയുടെ അഭാവത്തിൽ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പദ്ധതികളുടെ രൂപീകരണത്തിനും എസ്‌സിഎസ്‌പി-ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിനുമായി 12-15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഒരു ഡാറ്റയാണ് യുഎൽബികൾ/സംസ്ഥാന സർക്കാർ ഇപ്പോഴും ആശ്രയിക്കുന്നത്.

### 7.4.2 വാർഡ്സഭ/ഊരുകൂട്ടങ്ങളും എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പുകളും ശിപാർശ ചെയ്ത, പ്രാഥമിക ആവശ്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾ രൂപീകരിക്കാത്തത്

വൈവിധ്യമാർന്ന പൊതുജന കാഴ്ചപ്പാടുകൾ, പ്രത്യേകിച്ച് ജനപ്രതിനിധികൾ, പ്രാദേശികവിദഗ്ദ്ധർ, സന്നദ്ധപ്രവർത്തകർ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നുള്ളവ ഏകീകരിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ[85], സമഗ്രമായ ആസൂത്രണത്തിന് കളമൊരുക്കുന്നു. വാർഡ് സഭ/വാർഡ് സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, എസ്‌സി/എസ്ടി വിഭാഗങ്ങളുടെ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റുകളുടെ പട്ടിക ക്രോഡീകരിക്കുക, ഈ റിപ്പോർട്ടുകളും പ്രോജക്ടുകളും അംഗീകാരത്തിനായി മുനിസിപ്പൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കുക എന്നീ കാര്യങ്ങൾക്ക് എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലപ്പെട്ടിരിക്കുന്നു.

---

[84] തൃശ്ശൂർ കോർപ്പറേഷൻ, ഈരാറ്റുപേട്ട, കോട്ടയ്ക്കൽ, പാലാ, പൊന്നാനി മുനിസിപ്പാലിറ്റികൾ

[85] സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിഷയ വിദഗ്ധർ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) അംഗങ്ങൾ, എസ്‌സി/എസ്ടി/വനിതാ അംഗങ്ങൾ, അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ (ആശ) തുടങ്ങിയവർ ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പുകൾ

കുടിവെള്ളവിതരണം, ശൗചാലയസൗകര്യങ്ങൾ, മാലിന്യ സംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എസ്‌സി, എസ്‌ടി സെറ്റിൽമെന്റുകളിലെ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന നൽകാൻ 13-ഉം 14-ഉം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നഗരതദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. എസ്‌സി/ എസ്‌ടി സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ അഭിസംബോധന ചെയ്യപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട്, ഈ അവശ്യസർവ്വീസുകൾക്ക്, നിർബന്ധമായവ ഒഴികെയുള്ള[86] മറ്റ് പ്രൊജക്റ്റുകളേക്കാൾ മുൻഗണന നൽകേണ്ടതാണ്.

ഊരുക്കൂട്ടങ്ങളുടെയും, എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സിൽ[87] രേഖപ്പെടുത്തിയ, കുടിവെള്ളത്തിനും ശൗചാലയ സൗകര്യങ്ങൾക്കുമുള്ള ഡിമാൻഡുകൾ, ഈ യുഎൽബികളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷിക പദ്ധതികളുമായി ഓഡിറ്റ് ഒത്തുനോക്കുകയും, താഴെ വിവരിച്ചിരിക്കുന്നതുപോലെ, വാർഷിക പദ്ധതികൾക്കു രൂപം നൽകുമ്പോൾ, ഈ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട ഡിമാൻഡുകൾ പരിഗണിക്കുന്നതിൽ, പരിശോധിച്ച അഞ്ച് യുഎൽബികൾ[88] വീഴ്ചവരുത്തിയതായി കണ്ടെത്തുകയും ചെയ്തു:

### (എ) കുടിവെള്ള സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ഡിമാന്റുകൾ

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഏഴ് യുഎൽബികളിൽ നടത്തിയ എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും, ഊരുകൂട്ടം യോഗങ്ങളിലും കുടിവെള്ള സൗകര്യങ്ങൾക്കുവേണ്ടി ഗുണഭോക്താക്കൾ ഉന്നയിച്ച 21 ഡിമാന്റുകളിൽ 10 പ്രോജക്ടുകൾ മാത്രം രൂപീകരിക്കുകയും ഒൻപതെണ്ണം മാത്രം നടപ്പാക്കുകയും ചെയ്തിട്ടുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക 7.4ൽ** നൽകിയിരിക്കുന്നു.

**പട്ടിക 7.4: ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ശതമാനം**

| കാലയളവ് | ജില്ലയുടെ പേര് | യുഎൽബികളുടെ എണ്ണം | ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം | രൂപീകരിക്കപ്പെട്ട പ്രോജക്ടുകളുടെ എണ്ണം | രൂപീകരണ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ ഡിമാന്റുകൾക്ക് അനുസൃതമായി നടപ്പാക്കൽ ശതമാനം | ഡിമാന്റുകൾക്കനുസൃതമായി നടപ്പാക്കലിൽ വന്ന കുറവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| 2020-21 മുതൽ 2022-23 വരെ | കോട്ടയം | 1 | 2 | 2 | 100 | 2 | 100 | 0 |
| | തൃശ്ശൂർ | 2 | 4 | 4 | 100 | 4 | 100 | 0 |
| | മലപ്പുറം | 2 | 5 | 1 | 20 | 1 | 20 | 80 |
| | കോഴിക്കോട് | 2 | 10 | 3 | 30 | 2 | 20 | 80 |
| **ആകെ** | | **7** | **21** | **10** | **47.62** | **9** | **42.86** | **57.14** |

*(ഉറവിടം : വാർഡ് സഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ്)*


ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്റ്റുകളുടെ നടത്തിപ്പിന്റെ സ്ഥിതി **ചാർട്ട് 7.2ൽ** ചിത്രീകരിച്ചിരിക്കുന്നു:

[86] സപ്ലിമെന്ററി പോഷകാഹാര പരിപാടി, സർവ്വശിക്ഷാഅഭിയാൻ, രാഷ്ട്രീയമാധ്യമിക് ശിക്ഷാ അഭിയാൻ, സാന്ത്വന പരിചരണം മുതലായവ

[87] ഓരോ യുഎൽബിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വാർഡ് സഭ/ഊരുകൂട്ടം

[88] കൊടുവള്ളി, കോട്ടയ്ക്കൽ, പൊന്നാനി, രാമനാട്ടുകര, വൈക്കം മുനിസിപ്പാലിറ്റികൾ

**ചാർട്ട് 7.2 : ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പിന്റെ സ്ഥിതി**




കോട്ടയത്തെയും തൃശ്ശൂരിലെയും പരിശോധിച്ച യുഎൽബികൾ, പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിൽ ഉന്നയിച്ച കുടിവെള്ള വിതരണ ഡിമാന്റുകൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. എന്നാൽ, മലപ്പുറത്തെയും കോഴിക്കോട്ടേയും പരിശോധിച്ച യുഎൽബികൾ, ഉന്നയിച്ച ഡിമാന്റുകളും നടപ്പിലാക്കിയ പദ്ധതികളും തമ്മിൽ ഗണ്യമായ അന്തരം ഉണ്ടായിരുന്നു. പതിനഞ്ച് ഡിമാന്റുകളിൽ പ്രോജക്ട് രൂപീകരണത്തിനായി നാലെണ്ണം (26.67 ശതമാനം) മാത്രം പരിഗണിക്കുകയും, അതിൽ മൂന്ന് പ്രോജക്ടുകൾ മാത്രം നടപ്പിലാക്കുകയും അതിന്റെ ഫലമായി മൊത്തത്തിൽ 20 ശതമാനം നേട്ടം മാത്രം കൈവരിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഉന്നയിച്ച ഡിമാന്റുകൾക്കെതിരെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉണ്ടായ ഈ പോരായ്മ യുഎൽബികളിൽ വാർഡ് സഭകളും/ഊരുകൂട്ടങ്ങളും രൂപീകരിക്കുന്നതിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തി.

**(ബി) ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റുകൾ**

കോട്ടയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പരിശോധിച്ച യുഎൽബികൾ എസ്‌സി/എസ്‌ടി ഗുണഭോക്താക്കൾക്കുവേണ്ടി ശൗചാലയ സൗകര്യങ്ങൾ നടപ്പാക്കിയതിൽ ഗണ്യമായ വിടവുകൾ ശ്രദ്ധിക്കപ്പെട്ടു. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ മൂന്ന് യുഎൽബികളിൽ[89] നടത്തിയ മൂന്ന് വർക്കിംഗ് ഗ്രൂപ്പിന്റെയും ഊരുകൂട്ടത്തിന്റെയും യോഗങ്ങളിൽ ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടി ആറ് ഡിമാന്റുകൾ ഉന്നയിക്കപ്പെട്ടിരുന്നെങ്കിലും ഈ യുഎൽബികൾ ഒരു പ്രോജക്ടുകളും രൂപീകരിക്കുകയോ, നടപ്പാക്കുകയോ ചെയ്തില്ല. അതിനാൽ ഓഡിറ്റ് കാലയളവിൽ വാർഡ്‌സഭ/ഊരുകൂട്ടം മീറ്റിംഗുകളിൽ ശൗചാലയസൗകര്യങ്ങൾക്കുവേണ്ടി ഉന്നയിക്കപ്പെട്ട ഒരു ഡിമാന്റും നിറവേറ്റാൻ ഈ യുഎൽബികൾക്ക് ആയില്ല. **പട്ടിക 7.5ൽ** വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

**പട്ടിക 7.5: ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റ്**

| കാലയളവ് | ജില്ലയുടെ പേര് | യുഎൽബികളുടെ എണ്ണം | ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം | രൂപീകരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ |
|---|---|---|---|---|---|
| 2020-21 മുതൽ 2022-23 വരെ | കോട്ടയം | 1 | 2 | 0 | 0 |
| | മലപ്പുറം | 1 | 1 | 0 | 0 |
| | കോഴിക്കോട് | 1 | 3 | 0 | 0 |
| **ആകെ** | | **3** | **6** | **0** | **0** |

*(ഉറവിടം : വാർഡ് സഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ്)*

[89] കോട്ടയ്ക്കൽ, വൈക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

സാർവ്വത്രിക ശുചിത്വപരിരക്ഷ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 2014-ൽ ആരംഭിച്ച സ്വച്ഛ്ഭാരത് മിഷൻ (നഗരം) പോലെയുള്ള സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും ഉണഭോക്താക്കൾ ഉന്നയിച്ചിരുന്ന ഡിമാന്റുകളിൽ ഒന്നുപോലും നിറവേറ്റാൻ കഴിയാതിരുന്നത്, പ്രാദേശിക തലത്തിൽ ശുചിത്വപരിപാടികളുടെ കൂടുതൽ ഫലപ്രദമായ ആസൂത്രണത്തിന്റേയും നടപ്പാക്കലിന്റേയും നിരീക്ഷണത്തിന്റേയും ആവശ്യകതയാണ് സൂചിപ്പിക്കുന്നത്.

## 7.5 സാമ്പത്തിക നിർവ്വഹണം

ഭൗതികവും ധനകാര്യവുമായ കാര്യങ്ങളിൽ കുറഞ്ഞപക്ഷം ജനസംഖ്യയ്ക്ക് ആനുപാതികമായെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പൊതു വിഭാഗത്തിൽ നിന്നും വിഹിതങ്ങളും ആനുകൂല്യങ്ങളും വഴി തിരിച്ച് വിടുക എന്നതായിരുന്നു എസ്‌സിഎസ്‌പിയുടേയും ടിഎസ്‌പിയുടേയും അടിസ്ഥാന ലക്ഷ്യം. സംസ്ഥാന സർക്കാർ യുഎൽബികൾക്ക് 2020-22ൽ എസ്‌സിഎസ്‌പി ഫണ്ടുകളുടെ 7.55 ശതമാനവും 2022-23ൽ 7.54 ശതമാനവും വകയിരുത്തുകയുണ്ടായി. അതുപോലെ തന്നെ സംസ്ഥാനത്ത് യുഎൽബികൾക്ക് 2020-22ൽ ടിഎസ്‌പി ഫണ്ടുകളുടെ 1.87 ശതമാനവും 2022-23ൽ 1.88 ശതമാനവും വകയിരുത്തപ്പെട്ടു. യുഎൽബികൾക്കുള്ള ഫണ്ടുകളുടെ വകയിരുത്തലിന്റെ വിശദാംശങ്ങൾ **പട്ടിക 7.6ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 7.6: യുഎൽബികൾക്ക് എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ**

*(₹ കോടിയിൽ)*

| വർഷം | പട്ടികജാതി ഉപപദ്ധതി | | | പട്ടികവർഗ്ഗ ഉപപദ്ധതി | | |
|---|---|---|---|---|---|---|
| | മൊത്തം എസ്‌സിഎസ്‌പി ബജറ്റ് അടങ്കൽ* | യുഎൽബികൾക്കുള്ള എസ്‌സിഎസ്‌പി അടങ്കൽ ശതമാനം | യുഎൽബികൾക്കുള്ള എസ്‌സിഎസ്‌പി അടങ്കൽ | മൊത്തം ടിഎസ്‌പി അടങ്കൽ | യുഎൽബികൾക്കുള്ള ടിഎസ്‌പി അടങ്കൽ ശതമാനം | യുഎൽബികൾക്കുള്ള ടിഎസ്‌പി അടങ്കൽ |
| **2020-21** | 2708.54 | 7.55 | 204.54 | 781.36 | 1.87 | 14.65 |
| **2021-22** | 2708.54 | 7.55 | 204.54 | 781.36 | 1.87 | 14.65 |
| **2022-23** | 2979.40 | 7.54 | 224.67 | 859.50 | 1.88 | 16.12 |


*(ഉറവിടം : സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള ഡാറ്റ)*

**മൊത്തം ബജറ്റ് വകയിരുത്തൽ എസ്‌സി/എസ്‌ടി വകുപ്പുകൾ, പിആർഐകൾ യുഎൽബികൾ എന്നിവയ്ക്കായി വിഭജിച്ച് നൽകിയിരിക്കുന്നു)*

വകയിരുത്തപ്പെട്ട എസ്‌സിഎസ്‌പിയും ടിഎസ്‌പിയും ഫണ്ടുകൾ, സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്‌സി) ശിപാർശകളെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങൾക്ക് വീതിച്ച് നല്കി. ഓഡിറ്റ് ചെയ്യപ്പെട്ട കാലയളവിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച അഞ്ചും ആറും എസ്എഫ്‌സി ശിപാർശകളെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു പ്രസ്തുത വിഭജനം നടത്തിയത്. എസ്‌സിഎസ്‌പി ഫണ്ടുകൾ പിആർഐകൾക്കും യുഎൽബികൾക്കും 83.25 : 16.75 എന്ന അനുപാതത്തിലും ടിഎസ്‌പി ഫണ്ടുകൾ 92 : 8 എന്ന അനുപാതത്തിലും വിതരണം ചെയ്യപ്പെട്ടു. എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകൾ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമിടയിൽ 99.70 : 0.30 എന്ന അനുപാതത്തിൽ വിഭജിക്കപ്പെട്ടു. ഈ വകയിരുത്തൽ 2011-ലെ സെൻസസ് പ്രകാരം എസ്‌സി/എസ്‌ടി ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടായിരുന്നു.

പിആർഐകൾക്കും യുഎൽബികൾക്കുമിടയിൽ എസ്‌സിഎസ്‌പി ടിഎസ്‌പി ഫണ്ടുകളുടെ വിതരണം **ചാർട്ട് 7.3ൽ** കൊടുത്തിരിക്കുന്നു.

**ചാർട്ട് 7.3: പിആർഐകൾക്കും യുഎൽബികൾക്കുമിടയിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വിതരണം**




*(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ)*

ഓഡിറ്റ് എസ്‌സിഎസ്‌പിയുടെയും, ടിഎസ്‌പിയുടെയും കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ വിശകലനം ചെയ്യുകയും, എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലും വിനിയോഗത്തിലും താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

### 7.5.1 പരിശോധന നടത്തിയ യുഎൽബികളിൽ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ്

യുഎൽബികൾക്കായുള്ള എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ 2020-21 വരെ ജനസംഖ്യാടിസ്ഥാനത്തിൽ മാത്രമായിരുന്നു നടത്തിയിരുന്നത്. 2021-22 മുതൽ ജനസംഖ്യയ്ക്കും ദാരിദ്ര്യ സൂചികയ്ക്കും 60:40 എന്ന അനുപാതത്തിൽ മുൻതൂക്കം നൽകിക്കൊണ്ട് സംസ്ഥാന ധനകാര്യ കമ്മീഷൻ പുതിയൊരു വകയിരുത്തൽ രീതി അവതരിപ്പിക്കുകയുണ്ടായി. ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങൾ, ഭവനങ്ങളുടെ സ്ഥിതി, ഭവന സൗകര്യങ്ങൾ, തൊഴിലില്ലായ്മയുടെ സ്ഥിതി, പദവി, വിദ്യാഭ്യാസം, അധിവാസ കേന്ദ്രങ്ങളിലെ ജനസംഖ്യ എന്നിങ്ങനെ ഏഴ് സുപ്രധാന സൂചകങ്ങൾക്ക് തുല്യമായ മുൻതൂക്കം നൽകിക്കൊണ്ടാണ് ദാരിദ്ര്യ സൂചിക തയ്യാറാക്കിയത്. 2008 - 2011 കാലയളവിൽ നടത്തിയ എസ്‌സി/എസ്ടി സാമൂഹിക സാമ്പത്തിക സർവ്വേയിൽ നിന്നുള്ള ഡാറ്റയാണ് കണക്കെടുപ്പിന് സ്വീകരിച്ചത്.

പരിശോധന നടത്തിയ യുഎൽബികൾക്ക് 2021-22, 2022-23 വർഷങ്ങളിൽ വകയിരുത്തിയ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളിൽ ഗണ്യമായ കുറവുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. പരിശോധിച്ച യുഎൽബികളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ എസ്‌സിഎസ്‌പിയുടെയും, ടിഎസ്‌പിയുടെയും ഫണ്ടുകളുടെ വാർഷിക വകയിരുത്തലിന്റെയും ചെലവുകളുടേയും വിശദാംശങ്ങൾ **പട്ടിക 7.7ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 7.7 : എസ്‌സിഎസ്‌പി/ടിഎസ്‌പി - പരിശോധിച്ച 12 യുഎൽബികളിലെ വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | തദ്ദേശ സ്ഥാപനം | എസ്‌സിഎസ്‌പി | | | | ടിഎസ്‌പി | | | |
|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവ് ശതമാനം | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
| 2020-21 | മുനിസിപ്പാലിറ്റി | 15.99 | 10.20 | 5.79 | 63.79 | 0.30 | 0.15 | 0.15 | 50.00 |
| | കോർപ്പറേഷൻ | 25.67 | 16.59 | 9.08 | 64.63 | 0.05 | 0 | 0.05 | 0.00 |
| | **ആകെ** | **41.66** | **26.79** | **14.87** | **64.31** | **0.35** | **0.15** | **0.20** | **42.86** |

| വർഷം | തദ്ദേശ സ്ഥാപനം | എസ്‌സിഎസ്‌പി | | | | ടിഎസ്‌പി | | | |
|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവ് ശതമാനം | വകയിരുത്തൽ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
| 2021-22 | മുനിസിപ്പാലിറ്റി | 13.32 | 9.61 | 3.71 | 72.15 | 0 | 0 | 0 | 0.00 |
| | കോർപ്പറേഷൻ | 20.12 | 11.28 | 8.84 | 56.06 | 0 | 0 | 0 | 0.00 |
| | **ആകെ** | **33.44** | **20.89** | **12.55** | **62.47** | **0** | **0** | **0** | **0.00** |
| 2022-23 | മുനിസിപ്പാലിറ്റി | 14.12 | 9.74 | 4.38 | 68.98 | 0 | 0 | 0 | 0.00 |
| | കോർപ്പറേഷൻ | 26.23 | 17.00 | 9.23 | 64.81 | 0.02 | 0 | 0.02 | 0.00 |
| | **ആകെ** | **40.35** | **26.74** | **13.61** | **66.27** | **0.02** | **0** | **0.02** | **0.00** |

*(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

- 2020-21ലും 2021-22ലും സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ മൊത്തം വകയിരുത്തൽ ₹219.19 കോടി ആയി നിലനിന്നെങ്കിലും, 2021-22 ൽ പരിശോധിച്ച യുഎൽബികൾക്കുള്ള എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ കുറഞ്ഞതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തൽ, 2021-22ൽ 19.73 ശതമാനം കുറഞ്ഞപ്പോൾ, ആ വർഷം, പരിശോധിച്ച യുഎൽബികൾക്ക് ടിഎസ്‌പി ഫണ്ട് ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല.

- 2021-22 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ, 2022-23 ൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2020-21 വർഷത്തെ അപേക്ഷിച്ച് എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തലിൽ 3.14 ശതമാനം കുറവുണ്ടായി.

- പരിശോധിച്ച മുനിസിപ്പാലിറ്റികൾ, 2020-21ൽ വകയിരുത്തിയ ടിഎസ്‌പി ഫണ്ടുകളുടെ 50 ശതമാനം ചെലവഴിച്ചെങ്കിലും, തുടർന്നുള്ള വർഷങ്ങളിൽ ടിഎസ്‌പി ഫണ്ട് വകയിരുത്തിയില്ല. എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വരുന്ന കുറവ് പാർശ്വവൽകൃത സമൂഹങ്ങളുടെ സാമൂഹികവും, സാമ്പത്തികവുമായ വികസനത്തിൽ പ്രതികൂല സ്വാധീനത്തിന് കാരണമാകാൻ സാധ്യതയുണ്ട്.

- എസ്‌സിഎസ്‌പി ഫണ്ടുകളിൽ നിന്നുള്ള ചെലവ് മുനിസിപ്പാലിറ്റികളിൽ 64 ശതമാനം മുതൽ 72 ശതമാനം വരെയും, കോർപ്പറേഷനുകളിൽ 56 ശതമാനം മുതൽ 65 ശതമാനം വരെയും ആയിരുന്നു.

- ഓഡിറ്റ് കാലയളവിൽ തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളും രാമനാട്ടുകര, വൈക്കം മുനിസിപ്പാലിറ്റികളും വകയിരുത്തിയ ടിഎസ്‌പി ഫണ്ടുകൾ ചെലവഴിച്ചില്ലെന്നും, ഈരാറ്റുപേട്ട, പാലാ മുനിസിപ്പാലിറ്റികളിൽ ചെലവ് 50 ശതമാനത്തിൽ താഴെയായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ വികസനത്തെ സഹായിക്കാൻ ഈ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഊന്നിപ്പറയുന്നുണ്ടെങ്കിലും ഫണ്ടുകളുടെ ഉപയോഗക്കുറവ് എസ്‌സി/എസ്‌ടി വിഭാഗങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലിലെ അലംഭാവമാണ് സൂചിപ്പിക്കുന്നത്. എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കാര്യക്ഷമമായും ഫലപ്രദമായും വകയിരുത്തപ്പെടുന്നു/വിനിയോഗിക്കപ്പെടുന്നു എന്നുറപ്പുവരുത്താൻ മെച്ചപ്പെട്ട നിർവ്വഹണവും മേൽനോട്ടവും ആവശ്യമാണെന്നാണ് ഓഡിറ്റ് കണ്ടെത്തലുകൾ വ്യക്തമാക്കുന്നത്.

### 7.5.2 ജനസംഖ്യാടിസ്ഥാനത്തിൽ ടിഎസ്പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

ജനസംഖ്യാടിസ്ഥാനത്തിൽ എസ്എഫ്സി നിശ്ചയിച്ച മുൻതൂക്കം അടിസ്ഥാനമാക്കി യുഎൽബികൾക്ക് കൃത്യമായി ലഭിക്കേണ്ട എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ, പരിശോധിച്ച യുഎൽബികൾക്ക് വകയിരുത്തപ്പെട്ട യഥാർത്ഥ തുകകളുമായി ഓഡിറ്റ് താരതമ്യപ്പെടുത്തുകയുണ്ടായി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഒൻപത് യുഎൽബികൾക്ക്[90] ടിഎസ്പി ഫണ്ടുകൾ ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, 2021-22ലും 2022-23ലും ജനസംഖ്യാടിസ്ഥാനത്തിൽ കൃത്യമായി ലഭിക്കേണ്ടിയിരുന്നതിൽ കുറഞ്ഞ വകയിരുത്തലാണ് രണ്ട് യുഎൽബികൾക്ക്[91] ലഭിച്ചത്. **പട്ടിക 7.8ൽ** വിവരിച്ചിരിക്കുന്നതുപോലെ, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ടിഎസ്പി ഫണ്ട് വകയിരുത്തലിലെ മൊത്തം കുറവ് ₹1.21 കോടി ആയിരുന്നു.

**പട്ടിക 7.8 : ടിഎസ്പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്**

*(₹ കോടിയിൽ)*

| വർഷം | ജില്ല | വകയിരുത്തലൊന്നും ലഭിക്കാതിരുന്ന യുഎൽബികളുടെ എണ്ണം | നൽകേണ്ട തുക | കുറവ് വകയിരുത്തൽ ലഭിച്ച യുഎൽബികളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 2020-21 | തൃശ്ശൂർ | 1 | 0.05 | 0 | 0 |
| | മലപ്പുറം | 2 | 0.06 | 0 | 0 |
| **ആകെ** | | **3** | **0.11** | **0** | **0** |
| 2021-22 | കോട്ടയം | 3 | 0.07 | 0 | 0 |
| | തൃശ്ശൂർ | 2 | 0.05 | 1 | 0.05 |
| | മലപ്പുറം | 3 | 0.08 | 0 | 0 |
| | കോഴിക്കോട് | 1 | 0.08 | 1 | 0.19 |
| **ആകെ** | | **9** | **0.28** | **2** | **0.24** |
| 2022-23 | കോട്ടയം | 3 | 0.08 | 0 | 0 |
| | തൃശ്ശൂർ | 2 | 0.05 | 1 | 0.06 |
| | മലപ്പുറം | 3 | 0.09 | 0 | 0 |
| | കോഴിക്കോട് | 1 | 0.09 | 1 | 0.21 |
| **ആകെ** | | **9** | **0.31** | **2** | **0.27** |
| **ആകെ മൊത്തം** | | | **0.70** | | **0.51** |

*(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിൽ നിന്നും ആറാമത്തെ എസ്എഫ്സി റിപ്പോർട്ടിൽ നിന്നുമുള്ള ഡാറ്റ)*

എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിന്റെ അഭാവം/കുറവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയുടെയും സബ്സിഡിയുടെയും മാർഗ്ഗ രേഖകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, വിവിധ മേഖലകളിൽ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള യുഎൽബികളുടെ ശേഷിയെ കുറയ്ക്കുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

90 വൈക്കം, പാലാ, ഈരാറ്റുപേട്ട, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

91 തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ

### 7.5.3 പ്രോജക്ടുകൾ നടപ്പാക്കാത്തതുമൂലം എസ്‌സിഎസ്‌പിയുടെയും, ടിഎസ്‌പിയുടെയും ഫണ്ടുകളുടെ കാലഹരണപ്പെടൽ

എസ്‌സിഎസ്‌പി, ടിഎസ്‌പിയ്ക്കു കീഴിൽ വകയിരുത്തുന്ന ഫണ്ടുകൾ വകമാറ്റുകയോ കാലഹരണപ്പെടുകയോ ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യക്തമായി പ്രസ്താവിയ്ക്കുന്നു. എന്നാൽ **പട്ടിക 7.9ൽ** വിശദമാക്കിയിരിക്കുന്നതുപോലെ, പരിശോധിച്ച യുഎൽബികൾ എസ്‌സിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് ഓഡിറ്റ് കാലയളവിൽ രൂപീകരിച്ച പ്രോജക്ടുകളിൽ 25 മുതൽ 29 ശതമാനം വരെയും ടിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്ടുകളിൽ 40 മുതൽ 100 ശതമാനം വരെയും നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 7.9 : പരിശോധിച്ച യുഎൽബികൾ രൂപീകരിച്ച പ്രോജക്ടുകളുടേയും നടപ്പിലാക്കിയ പ്രോജക്ടുകളുടേയും, പാഴാക്കിയ തുകകളുടേയും വിശദവിവരങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ട് ചെലവ് | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്തതിനാൽ കാലഹരണപ്പെട്ട തുക | ഭാഗികമായി നടപ്പാക്കിയതിനാൽ നഷ്ടമായ തുക |
|---|---|---|---|---|---|
| **എസ്‌സിഎസ്‌പി** | | | | | |
| 2020-21 | 372 | 41.66 | 94 | 4.80 | 10.07 |
| 2021-22 | 260 | 33.44 | 69 | 3.21 | 9.34 |
| 2022-23 | 315 | 40.36 | 91 | 6.25 | 7.36 |
| **ആകെ** | **947** | **115.46** | **254** | **14.26** | **26.77** |
| **ടിഎസ്‌പി** | | | | | |
| 2020-21 | 20 | 0.35 | 8 | 0.15 | 0.05 |
| 2021-22 | 0 | 0 | 0 | 0 | 0 |
| 2022-23 | 1 | 0.02 | 1 | 0.02 | 0 |
| **ആകെ** | **21** | **0.37** | **9** | **0.17** | **0.05** |

*(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

പ്രോജക്ടുകൾ നടപ്പാക്കാതിരിക്കൽ, ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കാതിരിക്കൽ, പൂർത്തീകരിച്ച പ്രോജക്ടുകളിൽ നിന്നുള്ള നീക്കിയിരുപ്പ് വിനിയോഗിക്കാതിരിക്കൽ മുതലായവ പോലെയുള്ള വിവിധ കാരണങ്ങൾമൂലം എസ്‌സിഎസ്‌പി ഫണ്ടിലെ ₹41.03 കോടിയും ടിഎസ്‌പി ഫണ്ടിലെ ₹0.22 കോടിയും കാലഹരണപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രോജക്ടുകൾ നടപ്പാക്കാത്തതിന് പിന്നിലുള്ള പ്രമുഖ കാരണങ്ങൾ മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതും വർഷാവസാനം ഫണ്ടുകൾ റിലീസ് ചെയ്തതും ആണ്.

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ₹1.05 കോടി പദ്ധതി അടങ്കലിൽ, ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുക (₹27 ലക്ഷം) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുക (₹7.5 ലക്ഷം), പോസ്റ്റ് മെട്രിക് വനിതാ ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക (₹12 ലക്ഷം), വയോജനങ്ങൾക്ക് കട്ടിലുകൾ വിതരണം ചെയ്യുക എന്നിങ്ങനെ 23 പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. എന്നാൽ മുനിസിപ്പാലിറ്റി ഈ പ്രോജക്ടുകൾ നടപ്പാക്കിയില്ല. ഗുണഭോക്താക്കളുടെ അഭാവം മൂലം ₹33 ലക്ഷം ചെലവ് വരുന്ന 11 പ്രോജക്ടുകൾ നടപ്പാക്കിയില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ വർഷാവസാനം സംസ്ഥാന സർക്കാർ ഫണ്ടുകൾ റിലീസ് ചെയ്തത് മൂലം ₹41.89 ലക്ഷം ചെലവുള്ള ആറ് പ്രോജക്ടുകൾ നടപ്പാക്കിയില്ല. മുനിസിപ്പാലിറ്റിയുടെ വികലമായ പദ്ധതി ആസൂത്രണവും ഫണ്ടുകൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ വരുത്തിയ കാലതാമസവും ഫണ്ടുകൾ കാലഹരണപ്പെടാൻ കാരണമായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## 7.6 പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും

ഭൂരഹിത ഭവനരഹിത അവസ്ഥ, ഉപജീവനഭദ്രതയില്ലായ്മ, ഉന്നത പഠനത്തിനും ഉചിതമായ തൊഴിൽ അവസരങ്ങൾക്കുമുള്ള പ്രവേശനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

മുതലായവയാണ് സംസ്ഥാനം തിരിച്ചറിഞ്ഞതും 13ഉം 14ഉം പഞ്ചവത്സര പദ്ധതികളിലൂടെ പരിഹരിക്കാൻ ലക്ഷ്യമിടുകയും ചെയ്ത പ്രധാന പ്രശ്നങ്ങൾ. വാർഷിക വികസന പദ്ധതിയിൽ എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിച്ച പ്രോജക്ടുകൾ, (i) പശ്ചാത്തലം, (ii) ഉത്പാദനം, (iii) സേവനം എന്നീ മേഖലകളിലായി തരം തിരിച്ചിട്ടുണ്ട്. ഈ മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകളുടെ ഒരു ചിത്രീകരണം **ചിത്രം 7.1ൽ** കൊടുത്തിരിക്കുന്നു.

**ചിത്രം 7.1 : മൂന്ന് മേഖലകൾക്ക് കീഴിലെ വിവിധ ഉപമേഖലകൾ**

**സേവന മേഖല**

- വിദ്യാഭ്യാസം
- കല, സംസ്കാരം, കായികോന്മുഖ പദ്ധതികൾ
- യുവജനക്ഷേമം
- ആരോഗ്യ, കുടിവെള്ള വിതരണ പദ്ധതികൾ
- ശുചിത്വം, മാലിന്യ സംസ്കരണ പദ്ധതികൾ
- ഭവന നിർമ്മാണം, വൈദ്യുതീകരണം മുതലായവ.

**ഉത്പാദന മേഖല**

- കാർഷിക പദ്ധതികൾ
- മൃഗസംരക്ഷണ പദ്ധതികൾ
- ജലസേചനം
- ക്ഷീരവികസനം
- മത്സ്യബന്ധനം
- നൈപുണ്യ വികസനം, തൊഴിൽ പദ്ധതികൾ മുതലായവ

**പശ്ചാത്തല മേഖല**

- റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ
- സംരക്ഷണ ഭിത്തികൾ, നടപ്പാത എന്നിവയുടെ നിർമ്മാണം
- ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ മുതലായവ

*(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)*

തിരഞ്ഞെടുക്കപ്പെട്ട യുഎൽബികളുടെ 2020–21 മുതൽ 2022–23 വരെയുള്ള കാലയളവിലെ പട്ടികജാതി ഉപപദ്ധതിയുടേയും പട്ടികവർഗ്ഗ ഉപപദ്ധതിയുടേയും രൂപീകരണവും നിർവ്വഹണവും ഓഡിറ്റ് പരിശോധിക്കുകയും താഴെ വിവരിച്ചിരിക്കുന്ന രീതിയിൽ മൂന്ന് മേഖലകളിലായി ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാഥമികമായി തരം തിരിക്കുകയും ചെയ്തിട്ടുണ്ട്.

## സേവന മേഖല

പാർശ്വവൽകൃത സമുദായങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനം ഉറപ്പുവരുത്തുന്നതിന് സേവനമേഖലാ പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. 2020–2023 കാലയളവിൽ 12 യുഎൽബികളുടെ വാർഷിക ചെലവ് പത്രികകളുടെ വിശകലനത്തിൽ നിന്ന് എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ ഗണ്യമായ ഒരു ഭാഗം (യഥാക്രമം 81.02 ശതമാനവും 89.19 ശതമാനവും) സേവന മേഖലാ പ്രോജക്ടുകൾക്ക് വേണ്ടി വകയിരുത്തിയതായി വെളിപ്പെടുകയുണ്ടായി. ഈ പ്രോജക്ടുകൾ പ്രാഥമികമായും ഊന്നൽ നൽകിയത് വിദ്യാഭ്യാസം, ഭവനനിർമ്മാണം, കുടിവെള്ളം എന്നിവയിലാണ്.

സേവന മേഖലയ്ക്ക് കീഴിൽ പരിശോധിച്ച യുഎൽബികൾ ഓഡിറ്റ് കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ടുകളിൽ നിന്ന് ₹93.55 കോടി വകയിരുത്തിക്കൊണ്ട് 582 പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. ഇവയിൽ 482 പ്രോജക്ടുകൾ (82.82 ശതമാനം), ₹65.19 കോടി (69.68 ശതമാനം) ചെലവ് ചെയ്ത് ഈ കാലയളവിൽ നടപ്പാക്കുകയുണ്ടായി. അതുപോലെ, സേവന മേഖലയിൽ ₹0.33 കോടി എസ്റ്റിമേറ്റിൽ രൂപീകരിച്ച 20 ടിഎസ്‌പി പ്രോജക്ടുകളിൽ 11 എണ്ണം (55 ശതമാനം), ₹0.12 കോടി (36.36 ശതമാനം) ചെലവുചെയ്ത് നടപ്പാക്കുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2ൽ** നൽകിയിരിക്കുന്നു.

സേവന മേഖലയിലെ പ്രമുഖ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി.

### 7.6.1 വിദ്യാഭ്യാസം

പിന്നാക്കവിഭാഗങ്ങളുടെയും സാമൂഹികമായി ദുർബലരായ വിഭാഗങ്ങളുടെയും ഉന്നമനത്തിനുള്ള ഏത് പരിപാടിയുടെയും മുഖ്യഘടകം വിദ്യാഭ്യാസമാണ്. ഈ ഉപമേഖലയ്ക്കുകീഴിലുള്ള പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ വിജ്ഞാനം, നൈപുണ്യം, മൂല്യങ്ങൾ എന്നിങ്ങനെ കുട്ടികളുടെ വ്യക്തിപരമായ വളർച്ചയ്ക്ക് അനിവാര്യമായ ഘടകങ്ങൾ കൊണ്ട് അവരെ ശാക്തീകരിക്കുന്നതിനും അതിലൂടെ ആത്യന്തികമായി അവരുടെ ജീവിതം രൂപാന്തരപ്പെടുത്തുന്നതിനും, ശോഭനമായ ഭാവി കരുപിടിപ്പിക്കുന്നതിനും നിർണ്ണായകമാണ്. തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

#### *7.6.1.1 സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കൽ*

എസ്‌സി, എസ്‌ടി വികസനവകുപ്പുകൾ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിക്ക് പുറമേ പ്രൊഫഷണൽ/ബിരുദ/പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് യുഎൽബികൾ പദ്ധതികൾ നടപ്പാക്കുകയുണ്ടായി.

തുടർന്നു വരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ വരുമാനം സ്കോളർഷിപ്പ് നല്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ, സ്കോളർഷിപ്പ് നല്കുന്നതിനുള്ള നിർദ്ദിഷ്ട നടപടി ക്രമത്തിൽ നിന്നുള്ള വ്യതിചലനം, മുതലായ അപര്യാപ്തതകൾ/വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി.

**i. വരുമാനം സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ**

എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന സർക്കാർ തസ്വഭ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുമ്പോൾ സ്കോളർഷിപ്പ് നല്കുന്നതിന് യോഗ്യതാമാനദണ്ഡങ്ങൾ ഒന്നും തന്നെ നിശ്ചയിച്ചില്ല. എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാനം ഒരു മാനദണ്ഡമായിരിക്കരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പക്ഷേ, മൂന്ന് യുഎൽബികൾ, സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി വരുമാനം നിശ്ചയിച്ചിട്ടുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിന്റെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.10ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 7.10 : വരുമാനപരിധി യോഗ്യതാമാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബികളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബികളുടെ എണ്ണം | വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബിയുടെ പേര് |
|---|---|---|
| **കോട്ടയം** | 1 | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി |
| **മലപ്പുറം** | 2 | കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി, മലപ്പുറം മുനിസിപ്പാലിറ്റി |
| **ആകെ** | 3 | |

*(ഉറവിടം : തിരഞ്ഞെടുത്ത യുഎൽബികളുടെ പ്രോജക്ട് പത്രികകൾ)*

**ii. സംസ്ഥാന സർക്കാർ നിശ്ചയിച്ച തിരഞ്ഞെടുപ്പ് നടപടിക്രമം സ്വീകരിക്കാതിരിക്കൽ**

ഓരോ പ്രോജക്ടിനു കീഴിലും ആനുകൂല്യങ്ങളുടെ നീതിപൂർണ്ണമായ വിതരണത്തിന്, ഒരു തദ്ദേശ സ്ഥാപനത്തിന്റെ ഓരോ വാർഡിൽ നിന്നും അനേകം അപേക്ഷകരുള്ളപ്പോൾ ഗുണഭോക്താക്കളെ വാർഡുതലത്തിൽ തിരഞ്ഞെടുക്കുന്നതിന് പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ ഒരു ഫോർമുല നിശ്ചയിക്കുകയുണ്ടായി. ഒരു വാർഡിലെ യോഗ്യരായ

അപേക്ഷകരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല, (വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം ÷ എല്ലാ വാർഡുകളിലേയും യോഗ്യരായ അപേക്ഷകരുടെ മൊത്തം എണ്ണം) × സ്കോളർഷിപ്പുകളുടെ മൊത്തം എണ്ണം ആയിരുന്നു. ഉദാഹരണമായി വാർഡ് എ യിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം എട്ടും എല്ലാ വാർഡുകളിൽ നിന്നുള്ള അപേക്ഷകരുടെ മൊത്തം എണ്ണം 32ഉം ലഭ്യമായ സ്കോളർഷിപ്പുകളുടെ എണ്ണം 20ഉം ആണെങ്കിൽ വാർഡ് എ യ്ക്ക് ലഭിക്കുന്ന പ്രോ-റേറ്റാ സ്കോളർഷിപ്പുകളുടെ എണ്ണം 8÷32x20=5 ആയിരിക്കും.

യുഎൽബികൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതി ഓഡിറ്റ് വിശകലനം ചെയ്യുകയും, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ രണ്ട് യുഎൽബികൾ[92] നിർദ്ദിഷ്ട തിരഞ്ഞെടുപ്പു നടപടിക്രമം പാലിക്കാതെ ബന്ധപ്പെട്ട യുഎൽബികൾ തയ്യാറാക്കിയ മുൻഗണനാലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കാലയളവിൽ 140 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചതായി കണ്ടെത്തുകയും ചെയ്തു. ഇതിന്റെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.11ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 7.11: മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് വിതരണം ചെയ്ത സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | നിർദ്ദിഷ്ട തിരഞ്ഞെടുപ്പു നടപടി ക്രമം പാലിക്കാതിരുന്ന യുഎൽബികളുടെ എണ്ണം | ലഭിച്ച അപേക്ഷകളുടെ എണ്ണം | ഓരോ ജില്ലയിലും സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം | സ്കോളർഷിപ്പ് നിഷേധിക്കപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| തൃശ്ശൂർ | 1 | 183 | 121 | 17 |
| മലപ്പുറം | 1 | 21 | 19 | 2 |
| **ആകെ** | **2** | **204** | **140** | **19** |

*(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റ)*

മാർഗ്ഗരേഖകൾ പാലിക്കാതിരുന്നതുമൂലം രണ്ട് യുഎൽബികളിൽ യോഗ്യരായ 19 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ടു. കേരള സർക്കാർ നിശ്ചയിച്ചിരുന്ന നടപടിക്രമം പാലിക്കാതിരുന്നതുമൂലം എസ്‌സി, എസ്ടി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സ്കീമിലെ ആനുകൂല്യങ്ങളുടെ ന്യായവും സമതുല്യവുമായ വിതരണം എന്ന ഉദ്ദേശ്യം തന്നെ പരാജയപ്പെട്ടു.

ഉദാഹരണത്തിന് തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ യുഎൽബി 2021-22ൽ 14-ാം വാർഡിൽ നിന്ന് സ്കോളർഷിപ്പിനുള്ള 15 അപേക്ഷകളും എല്ലാ വാർഡുകളിലും നിന്നുമായി 92 അപേക്ഷകളും സ്വീകരിക്കുകയുണ്ടായി. ടി വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ച 67 വിദ്യാർത്ഥികളിൽ ഒൻപത് പേർ 14-ാം വാർഡിൽ നിന്നുള്ളവരായിരുന്നു. ഫോർമുല അനുസരിച്ചായിരുന്നെങ്കിൽ 14-ാം വാർഡിൽ നിന്ന് 11 വിദ്യാർത്ഥികൾക്ക് (15÷92×67=10.92) സ്കോളർഷിപ്പുകൾ ലഭിക്കുമായിരുന്നു.

**iii. ജാതി സർട്ടിഫിക്കറ്റില്ലാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് എസ്‌സിഎസ്‌പി ഫണ്ടിന്റെ വകമാറ്റം**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, പ്രത്യേക പരിഗണന ആവശ്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ വഴി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ, എസ്‌സിഎസ്‌പിയുടെ കീഴിൽ 2021-22ലും 2022-23ലും 'പ്രത്യേക പരിഗണന ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്' എന്ന പദ്ധതി രൂപീകരിച്ചു. ഐസിഡിഎസ് സൂപ്പർവൈസർ ഇംപ്ലിമെന്റിംഗ് ഓഫീസറായി ₹7.20 ലക്ഷം എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് 20 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുകയും ചെയ്തു.

[92] കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ മുനിസിപ്പാലിറ്റികൾ

എന്നാൽ എസ്‌സിഎസ്‌പി സ്കീമിനു കീഴിൽ വിദ്യാർത്ഥികളുടെ അർഹത ഉറപ്പാക്കുന്നതിന് അവരുടെ ജാതിസർട്ടിഫിക്കറ്റുകൾ പരിശോധനാവിധേയമാക്കാതെ 10 വിദ്യാർത്ഥികൾക്ക് 2021-22ലും 2022-23ലും എസ്‌സിഎസ്‌പി ഫണ്ടിൽ നിന്നും ₹3.99 ലക്ഷം വിതരണം ചെയ്തതായി ഓഡിറ്റ് കണ്ടെത്തി. 10 വിദ്യാർത്ഥികളിൽ അഞ്ച് പേർക്ക് 2020-21ൽ പൊതു വിഭാഗത്തിൽപ്പെടുന്നവർ എന്നു പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയതായും ശ്രദ്ധയിൽപ്പെട്ടു.

എസ്‌സിഎസ്‌പി സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള വിദ്യാർത്ഥികളുടെ അർഹത ഉറപ്പുവരുത്താതെ അവർക്ക് സ്കോളർഷിപ്പ് നൽകാൻ എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ചത് എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ വകയിരുത്തിയ ഫണ്ടുകളുടെ വകമാറ്റി ചെലവഴിക്കലിന് കാരണമായി.

#### *7.6.1.2 സർവ്വ ശിക്ഷാ അഭിയാൻ – ₹1.66 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം – കോഴിക്കോട് കോർപ്പറേഷൻ*

കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിരൂപീകരണ മാർഗ്ഗരേഖകൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്എസ്എ)[93] പരിപാടിയുടെ നിർവ്വഹണത്തിന് പദ്ധതി ഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ നിഷ്കർഷിക്കുന്നു. എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്കുള്ള എസ്എസ്എ വിഹിതം, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി വേണം വകയിരുത്തേണ്ടത് എന്ന് മാർഗ്ഗരേഖകൾ വ്യക്തമാക്കുന്നു. എന്നാൽ എസ്‌സി വിദ്യാർത്ഥികൾക്കു വേണ്ടതിനേക്കാൾ കൂടുതലായി എസ്‌സിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടാണ് കോഴിക്കോട് കോർപ്പറേഷൻ എസ്‌സിഎസ്‌പി പ്രോജക്ടുകൾ രൂപീകരിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി. ഇത്, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ടിലെ ₹1.66 കോടി[94] പൊതുവിഭാഗത്തിന്റെ ആനുകൂല്യത്തിനായി വകമാറ്റി ചിലവഴിക്കുന്നതിൽ കലാശിച്ചു. ഫണ്ടുകളുടെ വകമാറ്റം, പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനു താങ്ങാവുക എന്ന എസ്‌സിഎസ്‌പി ഫണ്ടുകളുടെ ഉദ്ദേശ്യത്തെത്തന്നെ തുരങ്കം വയ്ക്കുന്നു.

### 7.6.2 കുടിവെള്ളവിതരണ പ്രോജക്ടുകളുടെ നിർവ്വഹണം

അടിസ്ഥാന ആരോഗ്യപരിപാലനത്തിനും ശുചിത്വത്തിനും ആവശ്യമായ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത എല്ലാ പൗരന്മാർക്കും ഒരു നിശ്ചിത അളവിലെങ്കിലും കേന്ദ്രസർക്കാരും സംസ്ഥാനങ്ങളും തദ്ദേശീയ ഭരണകൂടങ്ങളും ഉറപ്പാക്കണമെന്ന് 2012 ലെ ദേശീയ ജലനയം നിഷ്കർഷിക്കുന്നു. ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികളെ തുടർന്ന് കുടിവെള്ളവിതരണത്തിന്റെ ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പരിശോധനാ വിധേയമായ യുഎൽബികൾ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ കുടിവെള്ള വിതരണ പ്രോജക്റ്റുകൾ, എസ്‌സിഎസ്‌പി സേവനമേഖലാ ചെലവിന്റെ 1.66 ശതമാനമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 7.3ൽ** നൽകിയിരിക്കുന്നു.

ഓഡിറ്റ് കാലയളവിൽ എസ്‌സി ജനവിഭാഗങ്ങളുടെ പ്രയോജനത്തിനായി പരിശോധനാ വിധേയമായ യുഎൽബികൾ ₹2.18 കോടി പദ്ധതി ചെലവ് വരുന്ന 58 ഡിഡബ്ല്യൂഎസ് പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. എന്നാൽ എസ്‌സി ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള ₹0.75 കോടി പദ്ധതി ചെലവ് വരുന്ന 28 പ്രോജക്ടുകൾ, നാല് യുഎൽബികൾ[95] നടപ്പാക്കിയില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണം പരിശോധിച്ചപ്പോൾ ഓഡിറ്റ് താഴെ പറയുന്ന അപര്യാപ്തതകൾ നിരീക്ഷിച്ചു.

---

[93] സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം കൈവരിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച സമഗ്രവും സംയോജിതവുമായ ഒരു പ്രധാന പദ്ധതിയാണ് എസ്എസ്എ

[94] 2020-21 – ₹80.28 ലക്ഷം, 2021-22 – ₹42.10 ലക്ഷം, 2022-23 – ₹43.89 ലക്ഷം

[95] തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും വടക്കാഞ്ചേരി, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും

### *7.6.2.1 ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം ഒൻപത് പട്ടികജാതി ജനവാസ കേന്ദ്രങ്ങളിൽ കുടിക്കാൻ യോഗ്യമല്ലാത്ത ജലത്തിന്റെ ഉപയോഗം*

ഒൻപത് മുനിസിപ്പാലിറ്റികളിൽ[96] ഒൻപത് എസ്‌സി ജനവാസ കേന്ദ്രങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിൽ ഓഡിറ്റ് സംയുക്ത ഭൗതിക പരിശോധനകൾ നടത്തുകയും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പിഎച്ച്, ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ് (റ്റിഡിഎസ്), ക്ലോറൈഡുകൾ, കോളിഫോം, ഇ-കോളി ബാക്ടീരിയ എന്നിവയുടെ എണ്ണം ഉൾപ്പെടെ പൊതുവായ കുടിവെള്ള ഗുണനിലവാരം സർക്കാർ അംഗീകൃത ലാബുകളിൽ പരീക്ഷണത്തിന് അയക്കുകയും ചെയ്തു. 100 ശതമാനം (ഒൻപത്) സാമ്പിളുകളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യവും, 88.89 ശതമാനം (എട്ട്) സാമ്പിളുകളിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യവും 88.89 ശതമാനം (എട്ട്) സാമ്പിളുകളിൽ വെള്ളത്തിന്റെ താഴ്ന്ന പിഎച്ച് അളവും കണ്ടെത്തി. ഇത് ഒൻപത് മുനിസിപ്പാലിറ്റികളിലേ എസ്‌സി അധിവാസ കേന്ദ്രങ്ങളിലെ പരിശോധിച്ച കുടിവെള്ള സ്രോതസ്സുകൾ മലിനവും, പാനയോഗ്യമല്ലാത്തതും ആണെന്ന് സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 7.4ൽ** നൽകിയിരിക്കുന്നു. മലപ്പുറം മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു സാമ്പിളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം 'എണ്ണാവുന്നതിലും അധികം' ആയിരുന്നു. ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.12ൽ** നൽകിയിരിക്കുന്നു:

**പട്ടിക 7.12: കുടിവെള്ള പരിശോധനാ ഫലങ്ങളുടെ ക്രോഡീകരണം**

| വിഭാഗം | ജില്ലകൾ | യുഎൽബികളുടെ എണ്ണം | സാമ്പിളുകൾ എടുത്ത സ്രോതസ്സുകളുടെ എണ്ണം | അത്യധികം കലങ്ങിയ അവസ്ഥ | താഴ്ന്ന പിഎച്ച് | കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം | ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം | ഇരുമ്പിന്റെ ഉയർന്ന സാന്നിദ്ധ്യം |
|---|---|---|---|---|---|---|---|---|
| എസ്‌സി സെറ്റിൽമെന്റുകൾ | കോട്ടയം | 2 | 2 | 0 | 2 | 2 | 2 | 0 |
| | തൃശ്ശൂർ | 2 | 2 | 0 | 2 | 2 | 2 | 0 |
| | മലപ്പുറം | 3 | 3 | 1 | 2 | 3 | 2 | 1 |
| | കോഴിക്കോട് | 2 | 2 | 0 | 2 | 2 | 2 | 0 |
| **ആകെ** | | **9** | **9** | **1** | **8** | **9** | **8** | **1** |

*(ഉറവിടം : യുഎൽബികളിൽ നിന്ന് ശേഖരിച്ച കുടിവെള്ള സാമ്പിളുകളുടെ പരിശോധനാ ഫലം)*
**കലങ്ങിയ അവസ്ഥയുടെ അഭിലഷണീയ പരിധി: 1-5 എൻടിയു, പി.എച്ച് : 6.5 – 8.5, ഇരുമ്പ് : 0.3 മില്ലി ഗ്രാം/ലിറ്റർ, കോളിഫോമും, ഇ-കോളിയും ഇല്ല എന്നായിരിക്കണം.*

ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിൽ യുഎൽബികൾ പരാജയപ്പെട്ടതുമൂലം, ലഭ്യമായ സ്രോതസ്സുകളിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കാൻ താമസക്കാർ നിർബന്ധിതരാവുകയും അവരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുടെ സാധ്യതയിലേക്ക് നയിക്കുകയും ചെയ്തു.

### *7.6.2.2 യീൽഡ് ടെസ്റ്റ് നടത്താതെ കുടിവെള്ള വിതരണ പ്രോജക്ട് നടപ്പാക്കൽ- ₹1.96 ലക്ഷത്തിന്റെ നഷ്ടം – വടക്കാഞ്ചേരി മുനിസിപ്പാലിറ്റി*

വൻകിട പദ്ധതികൾ പ്രായോഗികമല്ലാത്ത മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രായോഗികമായ ഒരു പരിഹാര മാർഗ്ഗമാണ് ചെറുകിട, ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള ഗുണഭോക്തൃ നേതൃത്വത്തിലുള്ള ജലവിതരണ പദ്ധതികളുടെ നടപ്പാക്കൽ. സമൂഹ കേന്ദ്രീകൃത കുടിവെള്ള പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് ജല സ്രോതസ്സുകൾ ശാസ്ത്രീയ മാർഗ്ഗത്തിലൂടെ കണ്ടെത്തേണ്ടതും പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് മുമ്പ് യീൽഡ് ടെസ്റ്റുകളിലൂടെ ജല ലഭ്യത ഉറപ്പാക്കേണ്ടതും ആവശ്യമാണ്.

വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, ഒരു കുളം ജലസ്രോതസ്സായി ഉപയോഗപ്പെടുത്തി ജല വിതരണ പദ്ധതി മുഖേന കാരക്കുന്ന് എസ്‌സി സെറ്റിൽമെന്റിലേയ്ക്ക് ജലവിതരണം

---

[96] ഈരാറ്റുപേട്ട, പാലാ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, കൊടുവള്ളി, രാമനാട്ടുകര മുനിസിപ്പാലിറ്റികൾ

നടത്തുന്നുണ്ടായിരുന്നു. എസ്‌സി സെറ്റിൽമെന്റിലേക്ക് എത്തുന്ന ജലം വളരെ അപര്യാപ്തമായിരുന്നതിനാൽ, മുനിസിപ്പാലിറ്റി 2021-22ൽ ₹10 ലക്ഷം (₹8.04 ലക്ഷത്തിന്റെ എഫ്‌സി ഗ്രാന്റും ₹1.96 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ടും) പദ്ധതി തുക കണക്കാക്കി കാരക്കുന്ന് എസ്‌സി കുടിവെള്ള വിതരണപ്രോജക്റ്റ് എന്നൊരു പ്രോജക്റ്റ് രൂപീകരിക്കുകയുണ്ടായി. സെറ്റിൽമെന്റിന് സമീപം ഒരു കുഴൽകിണർ നിർമ്മിച്ച്, കുളത്തിൽ നിന്നും വെള്ളം കൊണ്ടുവരാൻ സ്ഥാപിച്ചിരുന്ന നിലവിലുള്ള പൈപ്പ് ലൈനുകളിലൂടെ കുഴൽകിണറിൽ നിന്നുള്ള വെള്ളം ലഭ്യമാക്കാനായിരുന്നു പ്രോജക്റ്റ് ലക്ഷ്യമിട്ടത്. എന്നാൽ തിരഞ്ഞെടുത്ത സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പിക്കാൻ യീൽഡ് ടെസ്റ്റ് നടത്താതെ യുഎൽബി ഒരു കരാറുകാരനെ പ്രവൃത്തി എൽപ്പിച്ചു (2022 മാർച്ച്). കുഴൽകിണർ നിർമ്മിച്ചെങ്കിലും (2022 സെപ്റ്റംബർ), വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം കുഴൽകിണർ ഉപേക്ഷിക്കപ്പെട്ടു. കരാറുകാരന് ₹5.42 ലക്ഷം (₹3.46 ലക്ഷം എഫ് സി ഗ്രാന്റും ₹1.96 ലക്ഷം എസ്‌സിഎസ്‌പി ഫണ്ടും) നൽകി. അനുയോജ്യത ഉറപ്പാക്കാതെ കുഴൽകിണർ നിർമ്മിച്ചത് പ്രോജക്റ്റ് ഉപേക്ഷിക്കുന്നതിലും ₹5.42 ലക്ഷം നഷ്ടപ്പെടുന്നതിലും കലാശിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. സംയുക്ത ഭൗതിക പരിശോധനയിൽ (ജെപിവി) വേനൽക്കാലത്തുപോലും കുളത്തിൽ ആവശ്യത്തിന് വെള്ളമുണ്ടായിരുന്നെന്നും മോട്ടോർ പമ്പിന്റെ ശേഷിക്കുറവാണ് എസ്‌സി സെറ്റിൽമെന്റിൽ എത്തുന്ന വെള്ളത്തിന്റെ അളവ് കുറയാൻ കാരണമെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

നിലവിലുള്ള സ്രോതസ്സിൽ നിന്നും എസ്‌സി സെറ്റിൽമെന്റ് പ്രദേശത്തെക്ക് ജലവിതരണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഒരു പമ്പ് സ്ഥാപിക്കുന്നതിനുപകരം അനുയോജ്യത ഉറപ്പാക്കാതെ മുനിസിപ്പാലിറ്റി മറ്റൊരു പ്രോജക്റ്റ് നടപ്പാക്കിയത്, ആത്യന്തികമായി ₹1.96 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ട് നഷ്ടപ്പെടുന്നതിനും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 7.6.3 ഭവനനിർമ്മാണ പദ്ധതികളുടെ നടപ്പാക്കൽ

2011 ലെ കേരള സംസ്ഥാന ഭവനനിർമ്മാണ നയം, സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളുടെ, പ്രത്യേകിച്ചും പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ ഭൂരഹിതർ, അഗതികൾ, സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള വീട്ടുകൾ, ദരിദ്രരിൽ ഏറ്റവും ദരിദ്രരായവർ എന്നിവരുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിശ്രമങ്ങൾ ഊർജ്ജിതമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. 73ഉം, 74ഉം ഭരണഘടനാ ഭേദഗതികളോടെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരും ആയ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായും അന്തസ്സോടെയും വസിക്കാനുള്ള ഭവനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാനതല ഭവന നിർമ്മാണവികസന പദ്ധതിയാണ് ലൈഫ് പദ്ധതി (ഉപജീവനവും, ഉൾപ്പെടുത്തലും, ധനകാര്യ ശാക്തീകരണവും). ഈ പദ്ധതിക്ക് കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട്ടുകൾ നിർമ്മിക്കാൻ ₹നാല് ലക്ഷം വീതവും വിദൂരസ്ഥ ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക് ₹ആറ് ലക്ഷം വീതവും ധനസഹായം നൽകുന്നു. വീട്ടുകളുടെ ഘട്ടം ഘട്ടമായുള്ള നിർമ്മാണത്തെ അടിസ്ഥാനമാക്കി നാല് തവണകളായാണ് സഹായധനം നൽകുന്നത്.

ഓഡിറ്റും അതാത് യുഎൽബികളുടെ ഔദ്യോഗിക പ്രതിനിധികളും സംയുക്തമായി 31 എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടത്തിയ ഒരു ഗുണഭോക്തൃ സർവ്വേയിൽ, സർവ്വേ ചെയ്യപ്പെട്ട എസ്‌സി കുടുംബങ്ങളുടെ 8.84 ശതമാനത്തിനും (181 ൽ 16) എസ്‌ടി കുടുംബങ്ങളുടെ 8.70 ശതമാനത്തിനും (23ൽ രണ്ട്) സ്വന്തമായി വീടുകളില്ല എന്ന് വെളിപ്പെടുകയുണ്ടായി. നാല് എസ്‌സി കുടുംബങ്ങളും രണ്ട് എസ്‌ടി കുടുംബങ്ങളും ഭൂരഹിതരും ഭവനരഹിതരും ആയിരുന്നു. പരിശോധിച്ച യുഎൽബികളിൽ എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ

നടപ്പാക്കൽ ഓഡിറ്റ് വിശകലനം ചെയ്യുകയും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

### *7.6.3.1 ലൈഫ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഭവനരഹിതരും ഭൂരഹിതരുമായ എസ്‌സി/എസ്‌ടി വിഭാഗക്കാരെ ഉൾപ്പെടുത്താതിരുന്നത്*

പരിശോധിച്ച 10 യുഎൽബികൾ[97] നൽകിയ വിവരങ്ങൾ അനുസരിച്ച് 1612 ഭവനരഹിതരും[98] 2597 ഭൂരഹിത-ഭവനരഹിതരും[99] ആയ എസ്‌സി/എസ്‌ടി കുടുംബങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 877 ഭവനരഹിതരവും (എസ്‌സി 865-ഉം എസ്‌ടി 12-ഉം) 592 ഭൂരഹിത കുടുംബങ്ങളും (എസ്‌സി 592-ഉം എസ്‌ടി പൂജ്യവും) മാത്രമേ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി.

അതായത്, **പട്ടിക 7.13ലും 7.14ലും** വിവരിച്ചിരിക്കുന്നതുപോലെ 735 ഭവന രഹിത കുടുംബങ്ങളും (എസ്‌സി 735-ഉം എസ്‌ടി പൂജ്യവും) 2005 ഭൂരഹിത-ഭവനരഹിത കുടുംബങ്ങളും (എസ്‌സി 2002-ഉം എസ്‌ടി മൂന്നും), പരിശോധിച്ച 10 യുഎൽബികളിലെ (2023 മാർച്ച്) ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

**പട്ടിക 7.13 : എസ്‌സിഎസ്‌പി ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ**

| ജില്ല | യുഎൽബികളിലെ ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം | യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം | ആകെ | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം | ആകെ | ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്‌സിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| കോട്ടയം | 105 | 3 | 108 | 13 | 0 | 13 | 95 |
| തൃശ്ശൂർ | 1011 | 1948 | 2959 | 427 | 321 | 748 | 2211 |
| മലപ്പുറം | 237 | 136 | 373 | 229 | 30 | 259 | 114 |
| കോഴിക്കോട് | 247 | 507 | 754 | 196 | 241 | 437 | 317 |
| ആകെ | **1600** | **2594** | **4194** | **865** | **592** | **1457** | **2737** |

*(ഉറവിടം : യുഎൽബികൾ നൽകിയ വിവരം)*

**പട്ടിക 7.14 : ടിഎസ്‌പി ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ**

| ജില്ല | യുഎൽബികളിലെ ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം | യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം | ആകെ | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം | ആകെ | ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്‌ടിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| കോട്ടയം | 0 | 0 | 0 | 0 | 0 | 0 | 0 |
| തൃശ്ശൂർ | 0 | 0 | 0 | 0 | 0 | 0 | 0 |

[97] പാലാ, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, പൊന്നാനി, മലപ്പുറം, രാമനാട്ടുകര, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും

[98] എസ്‌സി - 1600, എസ്‌ടി - 12

[99] എസ്‌സി - 2594, എസ്‌ടി - 3

| ജില്ല | യുഎൽബികളിലെ ഭവന രഹിതരായ എസ്ടി ക്കാരുടെ എണ്ണം | യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം | ആകെ | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം | ആകെ | ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്ടിക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| മലപ്പുറം | 1 | 2 | 3 | 1 | 0 | 1 | 2 |
| കോഴിക്കോട് | 11 | 1 | 12 | 11 | 0 | 11 | 1 |
| ആകെ | **12** | **3** | **15** | **12** | **0** | **12** | **3** |

*(ഉറവിടം : യുഎൽബികൾ നൽകിയ വിവരം)*

യുഎൽബി തിരിച്ചുള്ള ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം 7.5ൽ** കൊടുത്തിരിക്കുന്നു. അർഹരായ കുടുംബങ്ങളെ കണ്ടെത്താൻ കൃത്യമായ ഇടവേളകളിൽ സർവ്വേകൾ നടത്തുന്നതിനു പകരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം യുഎൽബികൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത് പട്ടികയിൽ അർഹരായ കുടുംബങ്ങൾ ഉൾപ്പെടാതിരിക്കുന്നതിന് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### *7.6.3.2 നിർദ്ദിഷ്ട കാലയളവിനുള്ളിൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്ത അവസ്ഥ*

ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖകൾ അനുസരിച്ച് ആറ് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് ആണ്. തവണകൾ ലഭിച്ചതിനുശേഷവും നിർമ്മാണം തുടങ്ങുന്നതിന്/പൂർത്തീകരിക്കുന്നതിന് കഴിയാത്ത ഗുണഭോക്താക്കളെ സഹായിക്കേണ്ടതും യുഎൽബികളാണ്. എന്നാൽ, പരിശോധിച്ച 10[100] യുഎൽബികളിൽ (2024 മാർച്ച്) 2023 മാർച്ച് വരെ ഗുണഭോക്താക്കൾക്ക് ₹6.51 കോടി എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിതരണം ചെയ്യപ്പെട്ട 292 വീടുകൾ വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലനിൽക്കുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2023-24ൽ തുടർ തവണകൾ അനുവദിച്ചില്ല എന്നും വീടുകൾ പൂർത്തീകരിക്കാതെ തന്നെ നിലകൊണ്ടു എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ താഴെ **പട്ടിക 7.15ൽ** നൽകിയിരിക്കുന്നു:

**പട്ടിക 7.15 : ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളും**

***(₹ ലക്ഷത്തിൽ)***

| പദ്ധതിയുടെ പേര് | വിഭാഗം | തവണകളായി ചെലവഴിച്ച തുക | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കോട്ടയം | | തൃശ്ശൂർ | | മലപ്പുറം | | കോഴിക്കോട് | |
| | | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക |
| ലൈഫ് ഘട്ടം I | എസ്‌സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ലൈഫ് 2020 | എസ്‌സി | 0 | 0 | 0 | 0 | 3 | 9.20 | 107 | 161.35 |
| ലൈഫ് ഘട്ടം II | എസ്‌സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ലൈഫ് ഘട്ടം III | എസ്‌സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

[100] പാലാ, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, രാമനാട്ടുകര, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും

| പദ്ധതിയുടെ പേര് | വിഭാഗം | തവണകളായി ചെലവഴിച്ച തുക | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കോട്ടയം | | തൃശ്ശൂർ | | മലപ്പുറം | | കോഴിക്കോട് | |
| | | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത മൊത്തം തുക |
| ലൈഫ് എസ്സി അഡീഷൽ | എസ്സി | 0 | 0 | 0 | 0 | 1 | 2 | 10 | 15.20 |
| ലൈഫ് എസ്ടി അഡീഷണൽ | എസ്ടി | 0 | 0 | 0 | 0 | 0 | 0 | 1 | 2 |
| ആവാസ് പ്ലസ് | എസ്സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| പിഎംഎവൈ | എസ്സി | 0 | 0 | 149 | 407.48 | 4 | 11.20 | 17 | 42.40 |
| **ആകെ** | | **0** | **0** | **149** | **407.48** | **8** | **22.40** | **135** | **220.95** |

*(ഉറവിടം : യുഎൽബികൾ നല്കിയ ഡാറ്റ)*

ലൈഫ് മിഷൻ മാർഗ്ഗരേഖകൾ അനുസരിച്ച് തദ്ദേശസ്ഥാപനങ്ങൾ, പൊതുജനങ്ങളെയും എൻജിഒ കളെയും പങ്കെടുപ്പിച്ചുകൊണ്ട്, പ്രത്യേകിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകളോ മറ്റ് നിർമ്മാണ പ്രശ്നങ്ങളോ അഭിമുഖീകരിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ, വസ്തുതർക്കങ്ങൾ, ഗുണഭോക്താക്കളുടെ മരണം, ഗുണഭോക്താവിന്റെയോ കുടുംബാംഗങ്ങളുടേയോ ആശുപത്രിവാസം പോലെയുള്ള അടിയന്തിര ആവശ്യങ്ങൾക്കുവേണ്ടി ഫണ്ടുകളുടെ വകമാറ്റം, ലൈഫ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ മുതലായവ പോലുള്ള കാരണങ്ങളാൽ ഭവന നിർമ്മാണം അപൂർണ്ണമായി നിലകൊണ്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

യുഎൽബികളുടെ ഫലപ്രദമായ ഇടപെടൽ ഇല്ലാത്തതുമൂലം ഭവന നിർമ്മാണം അപൂർണ്ണമായി നിലകൊള്ളുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച യുഎൽബികൾ വിവിധ ഘട്ടങ്ങളിൽ നിലച്ചുപോയ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട തുടർ നടപടികൾ എടുക്കുന്നതിലും ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിലും വീഴ്ചവരുത്തി.

### 7.6.4 സപ്ലിമെന്ററി പോഷകഹാര പരിപാടി – ₹0.03 കോടിയുടെ എസ്സിഎസ്പി ഫണ്ടുകളുടെ വകമാറ്റൽ

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ, സപ്ലിമെന്ററി പോഷകഹാര പരിപാടി (എസ്എൻപി) നടപ്പാക്കുന്നതിന് പദ്ധതി ഫണ്ടുകൾ നിർബന്ധമായി വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എസ്സി/എസ്ടി വിദ്യാർത്ഥികളുടെ എസ്എൻപി വിഹിതം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി അതതു യുഎൽബികൾ അനുവദിക്കേണ്ടതാണെന്ന് മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ട് എസ്സി/എസ്ടി ഗുണഭോക്താക്കൾക്കും, വികസന ഫണ്ട്(പൊതു) വകയിരുത്തിക്കൊണ്ട് പൊതുവിഭാഗം ഗുണഭോക്താക്കൾക്കും വെവ്വേറെ പ്രോജക്ടുകൾ പരിശോധനയ്ക്ക് വിധേയമായ യുഎൽബികൾ രൂപീകരിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ എണ്ണത്തെയും ആറ് വയസിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി കേന്ദ്ര സർക്കാരിന്റെ വനിതാ-ശിശു വികസന മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള നിരക്കുകളേയും അടിസ്ഥാനപ്പെടുത്തിയാണ് പ്രോജക്റ്റ് ചെലവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ മൂന്ന് യുഎൽബികൾ[101] ₹0.10 കോടി യുടെ പ്രോജക്ടുകൾ രൂപീകരിക്കുകയും അതിൽ എസ്സി/എസ്ടി ഗുണഭോക്താക്കൾക്ക്

[101] കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

ആനുപാതികമായതിൽ കൂടുതലായി ₹0.03 കോടി വകയിരുത്തുക ഉണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അധികമായി വകയിരുത്തിയതിന്റെ വിശദാംശങ്ങൾ **പട്ടിക 7.16ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 7.16 എസ്എൻപിയ്ക്ക് വേണ്ടി എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ**

*(₹ ലക്ഷത്തിൽ)*

| കാലയളവ് | വകമാറ്റിയ തുക | | | | വകമാറ്റിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ടുകൾ |
|---|---|---|---|---|---|
| | കോട്ടയം | തൃശ്ശൂർ | മലപ്പുറം | കോഴിക്കോട് | |
| 2020-21 | ഇല്ല | 0.33 | ഇല്ല | ഇല്ല | **0.33** |
| 2021-22 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2022-23 | ഇല്ല | ഇല്ല | 2.34 | 0.26 | **2.60** |
| **ആകെ** | ഇല്ല | **0.33** | **2.34** | **0.26** | **2.93** |

*(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികയും)*

ഈ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ നികത്താൻ സ്ഥാപിതമായ എസ്‌സിഎസ്‌പി-ടിഎസ്‌പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ തന്നെ വിട്ടുവീഴ്ച ചെയ്യുന്നതായിരുന്നു ഫണ്ടുകളുടെ വകമാറ്റൽ. ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിൽ നിന്ന് ഫണ്ടുകൾ വകമാറ്റുന്നതിലൂടെ യുഎൽബികൾ നിലവിലുള്ള അന്തരം അബദ്ധവശാൽ നിലനിർത്തുകയും അതുവഴി, സാമൂഹക നീതിയും സമത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുള്ള സർക്കാരിന്റെ ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.


## ഉത്പാദന മേഖല

എസ്‌സിഎസ്‌പി-ടിഎസ്‌പി ഫണ്ടുകളുടെ മുഖ്യലക്ഷ്യങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുകയും ഉത്പാദനക്ഷമമായ ആസ്തികളും വരുമാനോല്പാദന അവസരങ്ങളും സൃഷ്ടിക്കുകയും ആണ്. 13-ഉം 14-ഉം പഞ്ചവത്സര പദ്ധതികളും സംസ്ഥാന സർക്കാർ മാർഗ്ഗരേഖകളും കാർഷികോല്പാദനം, നൈപുണ്യവികസനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വരുമാനോല്പാദന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് ഉത്പാദന മേഖലയിൽ പ്രോജക്ടുകൾക്ക് മുൻഗണന നൽകാൻ നിഷ്കർഷിക്കുന്നു. ഉത്പാദന മേഖലയിലെ പ്രമുഖ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി.

### 7.6.5 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിനും നടാപ്പാക്കാലിനും മുൻഗണന നൽകാത്തത്

**ചാർട്ട് 7.4ൽ** കാണിച്ചിട്ടുള്ളതുപോലെ, ലക്ഷ്യമിട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പദവി വരുമാനത്തിലൂടെയും തൊഴിൽ ഉത്പാദനത്തിലൂടെയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഉത്പാദന മേഖലാ പ്രോജക്ടുകൾക്ക്, ഏറ്റവും താഴ്ന്ന മുൻഗണനയാണ് നൽകിയതെന്ന് തിരഞ്ഞെടുത്ത യുഎൽബികളുടെ ഓഡിറ്റ് വെളിപ്പെടുത്തുകയുണ്ടായി:

**ചാർട്ട് 7.4 : എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വകയിരുത്തൽ**




*(ഉറവിടം : തിരഞ്ഞെടുത്ത യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഉത്പാദന മേഖലക്ക് കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ, ഓഡിറ്റ് വിശകലനം ചെയ്യുകയും പരിശോധിച്ച യുഎൽബികൾ 2.86 ശതമാനം മുതൽ 6.45 ശതമാനം വരെയുള്ള പ്രോജക്ടുകൾ മാത്രമേ രൂപീകരിച്ചിട്ടുള്ളൂ എന്നും ഉത്പാദന മേഖലയിലേയ്ക്കായി 0.51 മുതൽ 2.14 ശതമാനം വരെ എസ്‌സിഎസ്‌പി ഫണ്ടുകൾ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നും കണ്ടെത്തുകയും ചെയ്തു. പരിശോധിച്ച യുഎൽബികൾ ടിഎസ്‌പി ഫണ്ടുപയോഗിച്ച് ഉത്പാദന മേഖലയിൽ ഒരു പ്രോജക്ടും രൂപീകരിച്ചില്ല. വിശദാംശങ്ങൾ **അനുബന്ധം 7.6ൽ** കൊടുത്തിരിക്കുന്നു.

ഉത്പാദന മേഖലയ്ക്ക് കീഴിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ഉപമേഖലാതലത്തിലുള്ള വിശകലനം, തിരഞ്ഞെടുത്ത യുഎൽബികൾ **പട്ടിക 7.17ൽ** വിവരിച്ചിരിക്കുന്നതുപോലെ കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ എന്നീ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വളരെ കുറഞ്ഞ പ്രാധാന്യമേ നൽകിയുള്ളൂ എന്ന് വെളിപ്പെടുത്തുകയുണ്ടായി. ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 7.7ൽ** നൽകിയിരിക്കുന്നു.

**പട്ടിക 7.17 എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ ഉപമേഖലാതലത്തിലെ വകയിരുത്തൽ**

***(₹ കോടിയിൽ)***

| ആവശ്യങ്ങൾ | വകയിരുത്തിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട് | വിനിയോഗിച്ച എസ്‌സിഎസ്‌പി ഫണ്ട് | മൊത്തം എസ്‌സിഎസ്‌പി വകയിരുത്തലിൽ എസ്‌സിഎസ്‌പി വിനിയോഗത്തിന്റെ ശതമാനം | യുഎൽബികളിലെ മുഴുവൻ മേഖലകളുടെയും മൊത്തം ടിഎസ്‌പി വകയിരുത്തൽ | വിനിയോഗിച്ച ടിഎസ്‌പി ഫണ്ട് | മൊത്തം ടിഎസ്‌പി വകയിരുത്തലിൽ ടിഎസ്‌പിയുടെ വിനിയോഗ ശതമാനം |
|---|---|---|---|---|---|---|
| **കൃഷി** | 74.42 | 0.01 | 0.01 | 0.15 | 0 | 0 |
| **മൃഗ സംരക്ഷണം** | | 0.08 | 0.11 | | 0 | 0 |
| **സ്വയം തൊഴിൽ** | | 0.22 | 0.30 | | 0 | 0 |

*(ഉറവിടം: തിരഞ്ഞെടുത്ത യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയിൽ യഥാക്രമം 0.01 ശതമാനം, 0.11 ശതമാനം, 0.30 ശതമാനം എസ്‌സിഎസ്‌പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ എന്ന് കണ്ടെത്തി.

### 7.6.6 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നടപ്പാക്കൽ

പരിശോധിച്ച യുഎൽബികൾ ഓഡിറ്റ് കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്ടുകളുടെ 42 ശതമാനം മുതൽ 56 ശതമാനം വരെ മാത്രമേ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 10 ശതമാനം മുതൽ 41 ശതമാനം വരെ മാത്രമേ ചിലവഴിക്കുകയും ചെയ്തിട്ടുള്ളൂ. **അനുബന്ധം 7.6ൽ** ടിഎസ്‌പി ഫണ്ടിന്റെ കാര്യത്തിൽ വിശദീകരിച്ചിരിക്കുന്നത് പോലെ രൂപീകരിച്ച പ്രോജക്റ്റുകളൊന്നും തന്നെ നടപ്പാക്കിയിരുന്നില്ല. കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയുടെ നടപ്പാക്കൽ വിശകലനം ചെയ്തതിലൂടെ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുകയുണ്ടായി.:

#### *7.6.6.1 കൃഷി*

കൃഷി, വിവിധ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രവർത്തനോർജ്ജം നൽകുകയും അടിസ്ഥാന സൗകര്യ വികസനത്തെ സഹായിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പരിശോധിച്ച യുഎൽബികളിൽ കൃഷി ഭൂമിയുടെ ശതമാനം 44[102] മുതൽ 80[103] വരെയാണെന്ന് ഓഡിറ്റ് കണ്ടെത്തി. ഉത്പാദന സംവിധാനങ്ങളിൽ ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിലൂടെ തൊഴിൽ രഹിതരായ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരുന്നതിനും വിവിധ വിഭാഗങ്ങളിൽ നൈപുണ്യ വികസനത്തിലൂടെ വൈദഗ്ധ്യമുള്ള ഒരു വിശേഷപ്പെട്ട തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനും 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടുകൊണ്ട്, കാർഷികമേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക സ്റ്റാർട്ടപ്പുകൾക്ക് സൗകര്യമൊരുക്കുന്നതിനും 14-ാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടു. കൂടാതെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച യുഎൽബികൾക്കുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ, സ്വന്തമായി കൃഷിഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി നടത്താനുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

എന്നാൽ, എസ്‌സിഎസ്‌പി ഫണ്ടുകളുപയോഗിച്ച്, നടപ്പാക്കിയ കൃഷിസംബന്ധമായ പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധനയിൽ, പരിശോധിച്ച 12 യുഎൽബികളിൽ മൂന്ന്[104] യുഎൽബികൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ കൃഷിസംബന്ധിയായ പ്രോജക്ടുകൾ ₹0.01 കോടി ചിലവിൽ നടപ്പാക്കിയുള്ളൂ എന്ന് വെളിപ്പെട്ടു.

#### *7.6.6.2 മൃഗസംരക്ഷണം*

പരിശോധിച്ച 12 യുഎൽബികളിൽ അഞ്ച്[105] യുഎൽബികൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹0.08 കോടി ചിലവിൽ മൃഗസംരക്ഷണ സംബന്ധമായ 11 പ്രോജക്ടുകൾ നടപ്പാക്കിയുള്ളൂ, ഇത് വിനിയോഗിക്കപ്പെട്ട മൊത്തം എസ്‌സിഎസ്‌പി ഫണ്ടിന്റെ 0.11 ശതമാനം മാത്രമേയുള്ളൂ.

#### *7.6.6.3 സ്വയം തൊഴിൽ സഹായം/സംരംഭകത്വ വികസന പദ്ധതികൾ*

തൊഴിൽ സഹായം/സംരംഭകത്വ വികസന പദ്ധതികൾക്ക് എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വിനിയോഗം വളരെ കുറവായിരുന്നു.

---

102 കോഴിക്കോട് കോർപ്പറേഷൻ

103 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

104 വടക്കാഞ്ചേരി, രാമനാട്ടുകര, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റികൾ

105 കൊടുങ്ങല്ലൂർ, പൊന്നാനി, വടക്കാഞ്ചേരി, വൈക്കം, രാമനാട്ടുകര മുനിസിപ്പാലിറ്റികൾ

പരിശോധിച്ച 12 യുഎൽബികളിൽ മൂന്ന് എണ്ണം[106] മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹0.22 കോടി ചിലവിൽ സ്വയം തൊഴിൽ സഹായ പദ്ധതികൾ (നാല് പ്രോജക്ടുകൾ) നടപ്പാക്കിയുള്ളൂ.

എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുക, അവരും സമൂഹത്തിലെ മറ്റ് വിഭാഗങ്ങളും തമ്മിലുള്ള സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങളിലെ വിടവുകൾ നികത്തുക എന്നിവയായിരുന്നു എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വരുമാനോല്പാദന പ്രവർത്തനങ്ങളുടെ രൂപീകരണത്തിലും നടപ്പാക്കലിലുമുള്ള താല്പര്യമില്ലായ്മ, എസ്‌സി, എസ്‌ടി വിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുക എന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ എസ്‌സി എസ്‌ടി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വരുമാനോല്പാദന പരിപാടികളിലെ താല്പര്യമില്ലായ്മ ഉത്കണ്ഠയുളവാക്കുന്ന ഒന്നാണ്.

## പശ്ചാത്തല മേഖല

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമായ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ യുഎൽബികൾ നിർണായക പങ്ക് വഹിക്കുന്നു. പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിന്റെയും നടപ്പാക്കലിന്റെയും വിശകലനം താഴെ പറയുന്ന വസ്തുതകൾ വെളിപ്പെടുകയുണ്ടായി:

### 7.6.7 പശ്ചാത്തല മേഖലയ്ക്ക് കീഴിലെ പ്രോജക്ടുകളുടെ സ്ഥിതി

ഓഡിറ്റ് കാലയളവിൽ പരിശോധിച്ച യുഎൽബികൾ രൂപീകരിച്ച് നടപ്പാക്കിയ പശ്ചാത്തല മേഖലാ പ്രോജക്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 7.18ൽ** നൽകിയിരിക്കുന്നു. ജില്ലാതല വിശദാംശങ്ങൾ **അനുബന്ധങ്ങൾ 7.8ലും 7.9ലും** നൽകിയിരിക്കുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല മേഖലയിൽ ഏറ്റെടുത്ത പ്രമുഖ പ്രവർത്തനങ്ങൾ റോഡുകളുടെ നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ എന്നിവ ആയിരുന്നു.

**പട്ടിക 7.18: എസ്‌സിഎസ്‌പി/ടിഎസ്‌പി : പരിശോധിച്ച 12 യുഎൽബികളിലെ പശ്ചാത്തല മേഖല ചെലവുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | എസ്‌സിഎസ്‌പി | | | | | ടിഎസ്‌പി | | | | |
|---|---|---|---|---|---|---|---|---|---|---|
| | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | അനുവദിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവിന്റെ ശതമാനം | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | അനുവദിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവിന്റെ ശതമാനം |
| **2020-21** | 130 | 7.93 | 86 | 4.70 | 59.27 | 1 | 0.04 | 1 | 0.04 | 100 |
| **2021-22** | 73 | 4.02 | 46 | 1.90 | 47.26 | 0 | 0 | 0 | 0 | 0 |
| **2022-23** | 120 | 8.29 | 60 | 2.31 | 27.86 | 0 | 0 | 0 | 0 | 0 |
| **ആകെ** | **323** | **20.24** | **192** | **8.91** | **44.02** | **1** | **0.04** | **1** | **0.04** | **100** |

*(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)*

പരിശോധിച്ച യുഎൽബികൾ 2020-23 കാലയളവിൽ രൂപീകരിച്ച അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടെ എണ്ണത്തിൽ ഉണ്ടായ കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. 2020-21നെ അപേക്ഷിച്ച് 2021-22ൽ എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല

[106] തൃശ്ശൂർ കോർപ്പറേഷനും കൊടുങ്ങല്ലൂർ, പൊന്നാനി മുനിസിപ്പാലിറ്റികളും

മേഖലയിൽ രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണത്തിൽ 44 ശതമാനത്തിന്റെ കുറവുണ്ടായി. കൂടാതെ, പല എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നിലനിൽക്കുകയും സൃഷ്ടിക്കപ്പെട്ട ആസ്തികൾ വിനിയോഗിക്കപ്പെടാതെ തുടരുകയും ചെയ്യുന്നു. ഈ വിടവുകൾ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനും പരിശ്രമങ്ങൾ ആവശ്യമാണ്. പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടേയും, സൗകര്യങ്ങളുടേയും സൂക്ഷ്മ പരിശോധന താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

### *7.6.7.1 എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ നിഷ്ക്രിയാവസ്ഥ*

പരിശോധിച്ച യുഎൽബികൾ, എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുപയോഗിച്ച് പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രയോജനത്തിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതിർന്നവർക്കുള്ള പകൽവീട്, ശൗചാലയങ്ങൾ, ശ്മശാനം, പഠന കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള വിവിധ ആസ്തികൾ സൃഷ്ടിച്ചു. സൃഷ്ടിച്ച ആസ്തികൾ ഉദ്ദേശിച്ച അവശ്യങ്ങൾക്കാണോ വിനിയോഗിക്കുന്നതെന്നും അവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്നും അറിയാൻ ഓഡിറ്റ്, അത്തരം ആസ്തികളുടെ രേഖകൾ പരീക്ഷണാർത്ഥം പരിശോധിക്കുകയും സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തു. **പട്ടിക 7.19ൽ** വിവരിച്ചിരിക്കുന്നതുപോലെ, പരിശോധനാ വിധേയമായ രണ്ട് യുഎൽബികളിൽ ₹0.45 കോടി വിനിയോഗിച്ച് കാർഷിക സേവന കേന്ദ്രത്തിനും പ്രീ മെട്രിക് ഹോസ്റ്റലിനും നിർമ്മിച്ച രണ്ട് കെട്ടിടങ്ങൾ പട്ടികജാതി ഗുണഭോക്താക്കൾ ഇല്ലാത്തതു കാരണം നിഷ്ക്രിയമായി സ്ഥിതി ചെയ്യുകയായിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

**പട്ടിക 7.19: എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ**

| ജില്ല | നിഷ്ക്രിയ ആസ്തികളുടെ വിശദാംശങ്ങൾ | മൊത്തം ചെലവ് (₹ കോടിയിൽ) | പൂർത്തീകരണ വർഷം | നിഷ്ക്രിയത്വത്തിന്റെ കാരണങ്ങൾ |
|---|---|---|---|---|
| തൃശ്ശൂർ | പ്രീ–മെട്രിക് ഹോസ്റ്റൽ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 0.22 | 2009 | പട്ടികജാതി വിദ്യാർത്ഥികളുടെ അഭാവം |
| കോഴിക്കോട് | കാർഷിക സേവന കേന്ദ്രം, രാമനാട്ടുകര മുനിസിപ്പാലിറ്റി | 0.23 | 2020 | പട്ടികജാതി വനിതാ ഗുണഭോക്താക്കളുടെ അഭാവം |
| **ആകെ** | | **0.45** | | |


*(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റ)*

ഉപയോഗസാധ്യത ഉറപ്പാക്കാതെയാണ് യുഎൽബികൾ ഈ കെട്ടിടങ്ങൾ നിർമ്മിച്ചതെന്നും ഇത് അവ നാല് മുതൽ പതിനഞ്ച് വർഷം വരെ നിഷ്ക്രിയമായി കിടക്കുന്നതിന് കാരണമായി എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 7.6.8 28 എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലെ ഗുണഭോക്തൃ സർവ്വേ ഫലങ്ങൾ

നാല് ജില്ലകളിലായി 31 സെറ്റിൽമെന്റുകളിൽ (27 പട്ടികജാതി, നാല് പട്ടികവർഗ്ഗ) ഓഡിറ്റ് ഉദ്യോഗസ്ഥരുടെയും 10 യുഎൽബികളിൽ[107] നിന്നുള്ള പ്രതിനിധികളുടെയും സംയുക്ത സംഘം ഒരു സർവ്വേ നടത്തുകയുണ്ടായി. എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികൾക്ക് കീഴിൽ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി സംഘം 204 ഗുണഭോക്താക്കളുമായി (181 പട്ടികജാതി, 23 പട്ടികവർഗ്ഗ) സംവദിച്ചു. ഗുണഭോക്താക്കൾക്കുള്ള അവശ്യ സൗകര്യങ്ങളിലെ പോരായ്മകൾ സർവ്വേയിലൂടെ ശ്രദ്ധയിൽപ്പെട്ടു. നിരീക്ഷിച്ച പോരായ്മകൾ **ചാർട്ട് 7.5ൽ** വിശദമാക്കുന്നു.

**ചാർട്ട് 7.5: യുഎൽബികളിലെ ഗുണഭോക്തൃ സർവ്വേ എസ്‌സിഎസ്‌പി/ടിഎസ്‌പി**




- **വരുമാന ഉത്പാദനത്തിനുവേണ്ട തൊഴിലിന്റെ അഭാവം** – 27 സെറ്റിൽമെന്റുകളിലെ 93 എസ്‌സി കുടുംബങ്ങൾക്കും (51.38 ശതമാനം), നാല് സെറ്റിൽമെന്റുകളിലെ 10 എസ്ടി കുടുംബങ്ങൾക്കും (43.48 ശതമാനം) വരുമാനോല്പാദനത്തിന് തൊഴിലുകൾ ഒന്നും ഇല്ലായിരുന്നു.
- **റോഡ് സൗകര്യത്തിന്റെ അഭാവം** – 30 പട്ടികജാതി ഗുണഭോക്താക്കളും (16.57 ശതമാനം), ഏഴ് പട്ടികവർഗ്ഗ ഗുണഭോക്താക്കളും (30.43 ശതമാനം) തങ്ങളുടെ ഗ്രാമത്തിലേയ്ക്ക് റോഡു ഗതാഗതം ഇല്ല എന്ന് അഭിപ്രായപ്പെട്ടു.
- **അപര്യാപ്തമായ ഭവന സൗകര്യങ്ങൾ** – സർവ്വേ ചെയ്യപ്പെട്ട എസ്‌സി കുടുംബങ്ങളിൽ 8.84 ശതമാനത്തിനും (181ൽ 16) എസ്ടി കുടുംബങ്ങളിൽ 8.7 ശതമാനത്തിനും (23ൽ രണ്ടും) സ്വന്തമായി വീടില്ലായിരുന്നു എന്നു സർവ്വേ വെളിപ്പെടുത്തി.

എസ്‌സി/എസ്ടി സെറ്റിൽമെന്റുകൾക്കു വേണ്ട അവശ്യ സേവനങ്ങളുടെയും സൗകര്യങ്ങളുടെയും പ്രകടമായ കുറവുകൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള

[107] ഈരാറ്റുപേട്ട, കൊടുങ്ങല്ലൂർ, കൊടുവള്ളി, കോട്ടക്കൽ, മലപ്പുറം, പാലാ, പൊന്നാനി, രാമനാട്ടുകര, വൈക്കം, വടക്കാഞ്ചേരി മുനിസിപാലിറ്റികൾ

ഇടപെടലുകൾ അത്യാവശ്യമാണെന്ന് സർവ്വേയുടെ കണ്ടെത്തലുകൾ അടിവരയിടുന്നു. വരുമാനോല്പാദന അവസരങ്ങൾ, റോഡ് സൗകര്യം, ഭവന സൗകര്യങ്ങൾ എന്നിവയിലെ അപര്യാപ്തതകൾ, ഈ പാർശ്വവൽകൃത ജനവിഭാഗങ്ങളോടുള്ള വ്യവസ്ഥാപിതമായ അവഗണന വെളിവാക്കുന്നു.

## 7.7 നിരീക്ഷണ സംവിധാനം

എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ നിരീക്ഷണം ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കാനുള്ള ഒരു അവശ്യ പ്രവർത്തനമാണ്. തുടർന്ന് വരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ ലഭിച്ച എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം പരിശോധിച്ച യുഎൽബികളിൽ ഓഡിറ്റ് കണ്ടെത്തി.

### 7.7.1 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികൾ ആയി പ്രവർത്തിക്കാത്തത്

ഒരു വർഷത്തിലെ പദ്ധതി രൂപീകരണം പൂർത്തിയാക്കുമ്പോൾ ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട യുഎൽബികളുടെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കണമെന്നും പ്രോജക്ടുകളുടെ നിർവ്വഹണം നിരീക്ഷക്കണമെന്നും പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച 12 യുഎൽബികളിൽ നാല്[108] യുഎൽബികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിരുന്നില്ല.

കൂടാതെ, മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആകുമ്പോൾ, മോണിറ്ററിംഗ് കമ്മിറ്റികൾ പുനസംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ, പരിശോധിച്ച 12 യുഎൽബികളിൽ ഒൻപത്[109] എണ്ണത്തിൽ, കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയപ്പോൾ മോണിറ്ററിംഗ് കമ്മിറ്റികൾ പുനസംഘടിപ്പിക്കാതിരിക്കുകയും. നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ മോണിറ്ററിംഗ് കമ്മിറ്റികളുടെ കൺവീനർമാർ ആയി പ്രവർത്തിക്കുകയും ഇത് ഫലപ്രദമല്ലാത്ത നിരീക്ഷണത്തിൽ കലാശിക്കുകയും ചെയ്തു.

### 7.7.2 സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിക്കാത്തതും സാമൂഹിക ഓഡിറ്റിന്റെ അഭാവവും

തസ്വഭ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ സാമൂഹിക ഓഡിറ്റ് നടത്തുന്നതിന് വാർഡ്/സ്ഥാപന തലങ്ങളിൽ ഒരു സാമൂഹിക ഓഡിറ്റ് സമിതി രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച യുഎൽബികളിൽ ഒന്നും തന്നെ, സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നതുപോലെ സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ലെന്നും ഓഡിറ്റിലൂടെ വെളിപ്പെടുകയുണ്ടായി.

## 7.8 ഉപസംഹാരം

കേരളത്തിലെ തിരഞ്ഞെടുത്ത ജില്ലകളിലെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി ഉപപദ്ധതി (എസ്‌സിഎസ്‌പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടിഎസ്‌പി) എന്നിവയുടെ നടപ്പാക്കലിലെ ഗണ്യമായ പോരായ്മകൾ ഓഡിറ്റ് വെളിപ്പെടുത്തി. കാലഹരണപ്പെട്ട ഡാറ്റയുടെ ഉപയോഗം, ഉത്പാദന മേഖലാ പദ്ധതികൾക്കുള്ള അപര്യാപ്തമായ വകയിരുത്തൽ, യുഎൽബികൾക്കുള്ള ഫണ്ടുകളുടെ

---

108 കൊടുവള്ളി, കോട്ടക്കൽ, മലപ്പുറം, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികൾ

109 കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളും കൊടുവള്ളി, മലപ്പുറം, പൊന്നാനി, വൈക്കം, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികളും

വകയിരുത്തലിലെ കുറവ്, എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയിൽ നിന്ന് യഥാക്രമം ₹14.26 കോടിയുടെയും ₹0.17 കോടിയുടെയും പാഴാക്കൽ എന്നിവ ശ്രദ്ധേയമായ ആശങ്കകളായിരുന്നു. ഒൻപത് പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ കുടിവെള്ളം മലിനമാണെന്ന് കണ്ടെത്തി. ഒൻപത് യുഎൽബികളിൽ നിരീക്ഷണ സംവിധാനം ഫലപ്രദമല്ലായിരുന്നു. കൂടാതെ പരിശോധിച്ച യുഎൽബികളിൽ ഒന്നിലും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലായിരുന്നു.

## 7.9 ശിപാർശകൾ

പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങൾ നേരിടുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നു:

***1. സമഗ്രമായ സർവ്വേകൾ നടത്തുക : എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതി രൂപീകരണം ഫലപ്രദമായി സാധ്യമാക്കുന്നതിന്, പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി തിരിച്ചറിയുന്നതിനായി യുഎൽബികൾ പതിവായി സർവ്വേകൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.***

***2. അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകുക : പട്ടികജാതി, പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾക്കായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ കുടിവെള്ള വിതരണ പദ്ധതികൾക്കും ശൗചാലയ സൗകര്യങ്ങൾക്കും മുൻഗണന നൽകുക.***

***3. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക : പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ രൂപീകരിക്കുക.***

**(പ്രീതി എബ്രഹാം)**
**അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് I), കേരളം**

**തിരുവനന്തപുരം,**
**2026 ജനുവരി 07**

**മേലൊപ്പിട്ടത്**

**(കെ. സഞ്ജയ് മൂർത്തി)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**ന്യൂ ഡൽഹി,**
**2026 ജനുവരി 13**